# പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി V

# (SUBJECT COMMITTEE V)

## പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും

**(PUBLIC WORKS, TRANSPORT AND COMMUNICATIONS)**

## പീരിയോഡിക്കൽ റിപ്പോർട്ട്

(2012 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2012)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരം സമർപ്പിക്കുന്നത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2012 ജൂൺ 28-ാം തീയതി സമർപ്പിച്ചത്

(Presented on 28th June, 2012)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2012

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി V

# (SUBJECT COMMITTEE V)

## പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും

## (PUBLIC WORKS, TRANSPORT AND COMMUNICATIONS)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2012 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31ST MARCH 2012)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരം സമർപ്പിക്കുന്നത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

647/2012.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 44 |

# സബ്ജക്റ്റ് കമ്മിറ്റി V

## പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും

(2011-2013)

### ഘടന

ചെയർമാൻ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്, മരാമത്ത് വകുപ്പുമന്ത്രി

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

*ശ്രീ. ആര്യാടൻ മുഹമ്മദ്, ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി

ശ്രീ. കെ. ബാബു, എക്സൈസും തുറമുഖവും വകുപ്പുമന്ത്രി

അംഗങ്ങൾ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

,, ജോസ് തെറ്റയിൽ

,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

ശ്രീമതി കെ. കെ. ലതിക

ശ്രീ. കെ. മുരളീധരൻ

,, കെ. രാജു

,, സി. എഫ്. തോമസ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്

,, എം. ജോൺ മാത്യു, ജോയിന്റ് സെക്രട്ടറി

,, കെ. എസ്. അനസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എ. ജനറ്റ്, അണ്ടർ സെക്രട്ടറി.

---

* 26-4-2012-ലെ 182-ാം നമ്പർ ബുള്ളറ്റിൻപ്രകാരം ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രിയെ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി V-ന്റെ എക്സ് ഒഫീഷ്യോ അംഗമായി നാമനിർദ്ദേശം ചെയ്തിരിക്കുന്നു.

# അവതാരിക

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി V-ന്റെ 2011 ഏപ്രിൽ 1 മുതൽ 2012 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ 2011-13 വർഷത്തേക്കുള്ള സമിതി 2011 ജൂൺ 28-ാം തീയതി നിലവിൽവന്നു. പ്രസ്തുത സമിതിയിൽ പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ചെയർമാനും ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാർ, എക്സൈസും തുറമുഖവും വകുപ്പുമന്ത്രി ശ്രീ. കെ. ബാബു എന്നിവർ എക്സ്-ഒഫീഷ്യോ അംഗങ്ങളും സർവ്വശ്രീ കെ. വി. അബ്ദുൾ ഖാദർ, ജോസ് തെറ്റയിൽ, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), കെ. മുരളീധരൻ, കെ. രാജു, സി. എഫ്. തോമസ്, ശ്രീമതി കെ. കെ. ലതിക എന്നിവർ അംഗങ്ങളുമായിരുന്നു.

റിപ്പോർട്ട് കാലയളവിൽ സമിതി 6 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ രണ്ട് യോഗങ്ങൾ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കും ഒരെണ്ണം ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ടിന്റെ പരിഗണനയ്ക്കുമാണ് ചേർന്നത്. രണ്ട് യോഗങ്ങൾ സമിതിയുടെ റിപ്പോർട്ടിലെ ശുപാർശകളിന്മേൽ ഗവൺമെന്റിൽനിന്നും ലഭിച്ച മറുപടികൾ പരിഗണിക്കുന്നതിനും എസ്.ആർ.ഒ.കളുടെ സാധൂകരണത്തിനുമായി ചേരുകയുണ്ടായി. ഒരു യോഗം 2010-11-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് സമിതിയുടെ അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുന്നതിനാണ് ചേർന്നത്. കമ്മിറ്റി യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർനില 68% ആയിരുന്നു.

ഈ പീരിയോഡിക്കൽ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്ത് ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവരങ്ങളും സബ്ജക്റ്റ് കമ്മിറ്റിയുടെ ശുപാർശകൾ നടപ്പിലാക്കിയത് സംബന്ധിച്ച് സർക്കാരിൽനിന്നും ലഭിച്ച മറുപടികളും രണ്ടാംഭാഗത്ത് സമിതി പരിഗണിച്ച കരട് ചട്ടങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

ഈ റിപ്പോർട്ട് 2012 ജൂൺ 12-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

വി. കെ. ഇബ്രാഹിം കുഞ്ഞ്,

തിരുവനന്തപുരം,
2012 ജൂൺ 12.

*ചെയർമാൻ,*

*സബ്ജക്റ്റ് കമ്മിറ്റി V.*

# റിപ്പോർട്ട്

## ഭാഗം 1

സമിതി 2010-11 വർഷത്തെ ബജറ്റിലെ താഴെപ്പറയുന്ന ധനാഭ്യർത്ഥന കളുടെ പരിശോധന 27-7-2011, 2-8-2011 എന്നീ തീയതികളിൽ നടത്തുകയും 28-8-2011-ന് കരട് റിപ്പോർട്ട് പരിഗണിക്കുകയും ചെയ്തു.

| | | | |
|---|---|---|---|
| ധനാഭ്യർത്ഥന നമ്പർ | IX | — | വാഹന നികുതികൾ |
| ധനാഭ്യർത്ഥന നമ്പർ | XV | — | പൊതുമരാമത്ത് |
| ധനാഭ്യർത്ഥന നമ്പർ | XL | — | തുറമുഖം |
| ധനാഭ്യർത്ഥന നമ്പർ | XLI | — | ഗതാഗതം |

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളി ന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ.

### 22-12-1993-ലെ യോഗം

### ശുപാർശ നമ്പർ 2

കൊല്ലം, ചെങ്കോട്ട, അച്ചൻകോവിൽ, കോന്നി, പ്ലാപ്പള്ളി-പമ്പ-ചാലക്കയം എന്നീ റോഡുകളുടെ ഇപ്പോഴത്തെ നിലയെക്കുറിച്ച് സമിതി തെളിവെടുപ്പ് നടത്തി. ചാലക്കയം-പമ്പയിലെ റോഡിന്റെ പണികളെ സംബന്ധിച്ച് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റും പി.ഡബ്ല്യു.ഡി.യുംകൂടി ചേർന്ന് തീരുമാനിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു. ശബരിമല സീസണിൽ പമ്പയിലേക്ക് പോകുന്ന വാഹനങ്ങളുടെ എണ്ണവും വിശദവിവരങ്ങളും എടുക്കണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകി. ഇവിടെ ടോൾ പിരിക്കുന്നത് ദേവസ്വം ബോർഡാണ്. അതുകൊണ്ട് വികസന പ്രവർത്തനത്തിനുവേണ്ട തുകയും ദേവസ്വം ബോർഡ് വേണം ചെലവാക്കേണ്ടത്. ചാലക്കയം-പമ്പയിൽ ജീപ്പ് പോകുന്ന റോഡ് ഉൾപ്പെടെ വൃക്ഷങ്ങൾ ഒന്നും വെട്ടാത്ത രീതിയിലുള്ള ഒരു റോഡുണ്ടാക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കാൻ സമിതി പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടു.

### സ്വീകരിച്ച നടപടി

ചാലക്കയംമുതൽ പമ്പവരെ ഇപ്പോൾ നിലവിലുള്ള റോഡ് ദേവസ്വം ബോർഡിന്റെ അധീനതയിലുള്ളതും വാഹനങ്ങൾക്ക് ഗതാഗതയോഗ്യവുമാണ്. പുതിയ റോഡ് നിർമ്മിക്കണമെങ്കിൽ വനഭൂമി ആവശ്യമായിവരും. വൃക്ഷങ്ങൾ മുറിച്ചുമാറ്റേണ്ടിയും വരും.

ശുപാർശ നമ്പർ 5

ഖണ്ഡിക 5

കൊല്ലം-ചെങ്കോട്ട റോഡിന്റെ തെന്മല-ആര്യങ്കാവ് ഭാഗത്തെ മഴക്കാലത്ത് തകർന്ന റോഡുകളുടെ പണി പൂർത്തിയാക്കുന്നതിനെക്കുറിച്ച് സമിതി പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്തു. റീച്ചുകളായിട്ടാണ് പണി നടക്കുന്നതെന്നും 10 റീച്ചുകൾ ഉള്ളതിൽ 4 എണ്ണത്തിന്റെ ടെന്ററിംഗ് കഴിഞ്ഞതായും 6 റീച്ചുകളുടെ പണിക്ക് ഭരണാനുമതി കിട്ടാനുള്ളതായും സമിതിയിൽ വ്യക്തമാക്കപ്പെട്ടു. തെന്മലമുതൽ സംസ്ഥാന അതിർത്തിവരെ 13 കിലോമീറ്റർ റോഡാണ് പൂർണ്ണമായും തകർന്നത്. റോഡുകളുടെ പണി പൂർത്തിയാക്കാത്തതുമൂലം മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റിനും യാത്രക്കാർക്കും വലിയ ബുദ്ധിമുട്ടുണ്ടാകുന്നു. ഈ വസ്തുത പരിഗണിച്ച് അവശേഷിക്കുന്ന 6 റീച്ചുകൾകൂടി അടിയന്തിരമായി ഭരണാനുമതി നൽകണ മെന്നും കമ്മിറ്റി ശുപാർശ ചെയ്തു.

സ്വീകരിച്ച നടപടി

ദേശീയപാത 218-ലെ കൊല്ലം ചെങ്കോട്ട റോഡിന്റെ തെന്മല ആര്യങ്കാവ് ഭാഗം മുതൽ സംസ്ഥാന അതിർത്തിവരെയുള്ള 13 കിലോമീറ്റർ റോഡ് പൂർണ്ണമായി 2008-09 കാലഘട്ടത്തിൽ നവീകരിച്ച ബി. എം. & ബി. സി. പണി ചെയ്ത് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്.

10-4-1995-ലെ യോഗം

ശുപാർശ നമ്പർ 8

കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ റോഡുപണികളുടെ കാര്യത്തിൽ പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ വിവേചനപരമായി പെരുമാറുന്ന കാര്യം ചെയർമാൻ കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി. പ്രസ്തുത മണ്ഡലത്തിലെ ഒരു എം. എൽ. എ. റോഡിന് കല്ലിടുന്ന ചടങ്ങിൽ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ പങ്കെടുക്കരുതെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർദ്ദേശം നൽകി. അതുപോലെ ഈ മണ്ഡലത്തിലെ റോഡ് പണിക്ക് ടാർ നൽകരുതെന്നും നിർദ്ദേശം നൽകി. മെറ്റലിംഗ് കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞുമാത്രമേ ടാറിടാവൂ എന്ന് ചീഫ് എഞ്ചിനീയർ നിർദ്ദേശിച്ചിട്ടുണ്ട് എന്നാണ് വിശദീകരണം നൽകിയത്. എന്നാൽ കൊല്ലം ജില്ലയിൽ മെറ്റലിംഗ് കഴിഞ്ഞ ഉടനെ പല പണികൾക്കും ടാർ നൽകിയിട്ടുണ്ട്. അതുപോലെ കോൺട്രാക്ടർമാർക്ക് കുടിശ്ശിക നൽകിയ കാര്യത്തിലും കുടിശ്ശികയുള്ള ബില്ലുകളുടെ മുൻഗണനാക്രമം പാലിച്ചിട്ടില്ല, മാത്രമല്ല, കഴിഞ്ഞവർഷം ഈ മണ്ഡലത്തിൽ ഒരു കോൺട്രാക്ടർക്കും പണം കൊടുത്തിട്ടില്ല. കമ്മിറ്റി ഈ പ്രശ്നം ഗൗരവപൂർവ്വം വീക്ഷിച്ചു. ഇതു സംബന്ധിച്ച് അന്വേഷിച്ച് അടിയന്തിരമായി റിപ്പോർട്ട് നൽകണമെന്ന് ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടു.

സ്വീകരിച്ച നടപടി

പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി V-ന്റെ ശുപാർശ സംബന്ധിച്ച കാര്യങ്ങൾ നടന്നിട്ടുള്ളത് 1995-ന് മുൻപുള്ള

കാലഘട്ടത്തിലാണ്. 16 വർഷത്തിനുശേഷം ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഒന്നും ഇപ്പോൾ സർക്കാരിലോ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയറുടെ ഓഫീസിലോ ലഭ്യമല്ലെന്ന് ചീഫ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും വിഭാഗം) അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ തുടർനടപടികളൊന്നും സ്വീകരിക്കുവാൻ നിർവ്വാഹമില്ല. ആകയാൽ മേൽ മറുപടി സ്വീകരിച്ച് ഇതു സംബന്ധിച്ച തുടർനടപടികൾ അവസാനിപ്പിക്കാവുന്നതാണ്.

ശുപാർശ നമ്പർ 11

ആര്യങ്കാവ് പത്തനാപുരം ഭാഗത്തെ റോഡ് പണികളെ കുറിച്ച് സമിതി പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥൻമാരിൽ നിന്നും തെളിവെടുത്തു. പത്തനംതിട്ട, തെൻമല, ശബരിമല റോഡ് പണികളെ സംബന്ധിച്ച് അന്വേഷണ റിപ്പോർട്ട് കമ്മറ്റിക്ക് ലഭ്യമാക്കണമെന്ന് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി. പ്രസ്തുത റിപ്പോർട്ട് കിട്ടിയശേഷം ചീഫ് ടെക്നിക്കൽ എക്സാമിനറെക്കൂടി വിളിച്ച് ചർച്ച നടത്താൻ സമിതി തീരുമാനിച്ചു.

സ്വീകരിച്ച നടപടി

പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി V-ന്റെ ശുപാർശ സംബന്ധിച്ച കാര്യങ്ങൾ നടന്നിട്ടുള്ളത് 1995-ന് മുൻപുള്ള കാലഘട്ടത്തിലാണ്. 16 വർഷത്തിനുശേഷം ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഒന്നും ഇപ്പോൾ സർക്കാരിലോ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയറുടെ ഓഫീസിലോ ലഭ്യമല്ലെന്ന് ചീഫ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും വിഭാഗം) അറിയിച്ചിട്ടുള്ള സാഹചര്യത്തിർ തുടർനടപടികളൊന്നും സ്വീകരിക്കുവാൻ നിർവ്വാഹമില്ല. ആകയാൽ മേൽ മറുപടി സ്വീകരിച്ച് ഇതു സംബന്ധിച്ച തുടർനടപടികൾ അവസാനിപ്പിക്കാവുന്നതാണ്.

## 1997-98-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 2-ാമത് റിപ്പോർട്ട്

ശുപാർശ നമ്പർ 3

1997-98-ലെ ബഡ്ജറ്റ് അനുബന്ധം 1 പ്രകാരം വില്ലേജ് റോഡ് വിഭാഗത്തിൽ (റോഡുകളും പാലങ്ങളും) 787 പണികൾ ഉണ്ട്. എന്നാൽ ഈ പണികൾക്കാവശ്യമായ തുക ഒന്നുംതന്നെ അനുവദിച്ചിട്ടുള്ളതായി കാണുന്നില്ല. ഇതിൽ തന്നെ ഇതിനോടകം ചെയ്തുതീർത്ത ജോലികൾക്കും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ജോലികൾക്കുംകൂടി 114 കോടി രൂപ ആവശ്യമുള്ളതായി സമിതിയിൽ വ്യക്തമാക്കപ്പെട്ടു. ഇതിൽ എം.എൽ.എ. റോഡുകളും പുതിയ എം.എൽ.എ. റോഡുകളും ഉൾപ്പെടുന്നു. ആയതിനാൽ ഇപ്പോൾ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതും ഇതിനകം ഭരണാനുമതി നൽകിയിട്ടുള്ളതുമായ എല്ലാ റോഡുകളുടെയും താല്ക്കാലികമായി പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത റോഡുകളിൽ പ്രത്യേക പ്രാധാന്യമർഹിക്കുന്നവയുടെയും പണി പൂർത്തിയാക്കുന്നതിനാവശ്യമായ അടിയന്തിരനടപടി സ്വീകരിക്കണമെന്നും അതിനാവശ്യമായ തുക പൊതുമരാമത്ത് വകുപ്പിന് ലഭ്യമാക്കണമെന്നും സമിതി ശക്തമായി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

1997-98 കാലയളവിൽ നടന്നുകൊണ്ടിരുന്നതും ഭരണാനുമതി ലഭിച്ച് പ്രവൃത്തി ആരംഭിച്ചതുമായ എല്ലാ പ്രവൃത്തികൾക്കും ആവശ്യമായ തുക അനുവദിച്ച് നൽകിയിട്ടുണ്ട്. അന്നത്തെ പ്രവൃത്തികൾക്കായി കരാറുകാർക്ക് കുടിശ്ശികയൊന്നും കൊടുത്തുതീർക്കാനില്ല.

## 2003-04 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 3-ാമത് റിപ്പോർട്ട്

ശുപാർശ നമ്പർ 6

വിവിധ പി.ഡബ്ല്യു.ഡി. റോഡുകളുടെ 5303 കി.മീ. റോഡുകൾ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ഈ വർഷം അഞ്ഞൂറിലധികം എഞ്ചിനീയർമാരെയും അഞ്ഞൂറിലധികം ഓവർസിയർമാരെയും അതിന് അനുബന്ധമായി ഡിവിഷണൽ അക്കൗണ്ടന്റുമാരെയും കൊടുത്തിട്ടുണ്ട്. ഈ റോഡുകളുടെ അറ്റകുറ്റപ്പണി ചെയ്യേണ്ടത് പഞ്ചായത്താണ്. നോൺ പ്ലാൻ ഇനത്തിൽ 2003-2004 സാമ്പത്തിക വർഷത്തേക്ക് 3304 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത്, വില്ലേജ് റോഡുകളുടെ അറ്റകുറ്റപ്പണിക്കുവേണ്ടി അനുവദിക്കുന്ന തുക വകമാറ്റി പുതിയ റോഡുകളുടെ പണിക്കാണ് ഉപയോഗിക്കുന്നതെന്നും കൈമാറിയ പി.ഡബ്ല്യു.ഡി. റോഡിന്റെ അറ്റകുറ്റപണികൾക്കായിട്ടല്ല ഈ തുക ചെലവഴിക്കുന്നതെന്നും സമിതി അഭിപ്രായപ്പെടുന്നു. ഇങ്ങനെ ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയ റോഡുകളുടെ അറ്റകുറ്റപ്പണിക്ക് അനുവദിക്കുന്ന തുക വകമാറ്റി ചെലവഴിക്കാൻ പാടില്ലെന്നും അത് റോഡുകളുടെ അറ്റകുറ്റപ്പണിക്ക് മാത്രമേ ഉപയോഗിക്കാൻ പാടുള്ളു എന്നും കർശനമായ നിർദ്ദേശം കൊടുക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയ റോഡുകളുടെ അറ്റകുറ്റപ്പണിക്ക് അനുവദിക്കുന്ന തുക വകമാറ്റി ചെലവഴിക്കാൻ പാടില്ലെന്നും അത് റോഡുകളുടെ അറ്റകുറ്റപ്പണിക്ക് മാത്രമേ ഉപയോഗിക്കാൻ പാടുള്ളു എന്നും എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നൽകിയ നിർദ്ദേശത്തിന്റെ കോപ്പി ഉള്ളടക്കം ചെയ്തിരിക്കുന്നു.

## 2004-05 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാമത് റിപ്പോർട്ട്

ശുപാർശ നമ്പർ 3

"ത്രിതല പഞ്ചായത്തുകൾക്ക് പി.ഡബ്ല്യു.ഡി. വിട്ടുകൊടുത്ത റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിക്കുന്ന ധനസഹായം പ്രസ്തുത റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി മാത്രമേ വിനിയോഗിക്കാവൂ എന്നും മറ്റാവശ്യങ്ങൾക്കായി ഈ പണം വകമാറ്റിച്ചെലവാക്കാൻ പാടില്ലെന്നും സമിതി നിർദ്ദേശിക്കുന്നു".

സ്വീകരിച്ച നടപടി

സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് വിട്ടുകൊടുത്ത റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി ത്രിതല പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന ധനസഹായം ടി റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി മാത്രമേ വിനിയോഗിക്കാവൂ എന്നും മറ്റാവശ്യങ്ങൾക്ക് വകമാറ്റി ചെലവഴിക്കാൻ പാടില്ലെന്നുമുള്ള നിർദ്ദേശം ത്രിതല പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. 4-11-2011-ലെ 1807/എഫ്.എം1/11/ത.സ്വ.ഭ.വ. നമ്പർ സർക്കുലറിന്റെ പകർപ്പ് അനുബന്ധം 2 ആയി ഉള്ളടക്കം ചെയ്യുന്നു.

8-3-2007-ലെ യോഗനടപടിക്കുറിപ്പ്

ശുപാർശ

മൂവാറ്റുപുഴ മുതൽ തൊടുപുഴ വരെയുള്ള റോഡിന്റെ പണി പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കി എന്നാണ് സ്വീകരിച്ച നടപടിയിൽ കാണുന്നതെന്നും എന്നാൽ ആ റോഡ് ഇപ്പോൾ ഗതാഗതയോഗ്യമല്ല എന്നും സമിതി ചൂണ്ടിക്കാട്ടി.

സ്വീകരിച്ച നടപടി

കെ.എസ്.ടി.പി. ഘട്ടം ഒന്നിന്റെ ഭാഗമായി, മൂവാറ്റുപുഴ-തൊടുപുഴ, മൂവാറ്റുപുഴ-അങ്കമാലി റോഡുകളുടെ അപ്ഗ്രഡേഷൻ വർക്കുകൾ 2007 ജനുവരി മാസം 31-ാം തീയതി പൂർത്തീകരിക്കുകയും പൊതുമരാമത്ത് വകുപ്പ് റോഡ്സ് ഡിവിഷന് കൈമാറുകയും ചെയ്യുകയുണ്ടായി. റോഡിന്റെ അറ്റകുറ്റപ്പണികൾ ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് റോഡ്സ് ഡിവിഷന്റെ മേൽനോട്ടത്തിലാണ് ചെയ്യുന്നത്.

ശുപാർശ

പി.ഡബ്ല്യൂ.ഡി. നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഉള്ള പ്രധാനപ്പെട്ട ഗ്രാമീണ റോഡുകളെങ്കിലും പി.ഡബ്ല്യൂ.ഡി. ഏറ്റെടുക്കണമെന്നതാണ് സമിതിയുടെ ശുപാർശ.

സ്വീകരിച്ച നടപടി

പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലുണ്ടായിരുന്നതും ഉടമസ്ഥാവകാശം നിലനിന്നിരുന്നതും പൊതുപ്രാധാന്യമുള്ളതുമായ സംസ്ഥാനത്തെ പ്രധാന റോഡുകൾ പൊതുമരാമത്ത് വകുപ്പിൽ നിക്ഷിപ്തമാക്കണമെന്നുള്ള നിയമസഭാ സബ്ജക്റ്റ് കമ്മിറ്റിയുടെ ശുപാർശയുടേയും ജനപ്രതിനിധികളുടെ അഭിപ്രായത്തിന്റേയും അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 7385 കി.മീ. റോഡുകൾ പൊതുമരാമത്ത് വകുപ്പിൽ നിലനിർത്തി മേജർ ഡിസ്ട്രിക്ട് റോഡുകളുടെ വിഭാഗത്തിൽ ഉൾപ്പെടുത്തി 14-8-2009-ാം തീയതിയിലെ സ.ഉ. (എംഎസ്.) നമ്പർ 52/09/പൊതുമരാമത്ത് വകുപ്പ് പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ 5-4-2010-ലെ എസ്.ആർ.ഒ. നമ്പർ 348/2010 പ്രകാരം ടി റോഡുകൾ പൊതുമരാമത്ത് വകുപ്പിൽ നിലനിർത്തി വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്.

## 2006-07-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

### ശുപാർശ നമ്പർ 7

5055-00-800-96—(പി) വേഗത നിയന്ത്രിക്കുന്നതിനുള്ള വയർലസ് സെറ്റുകളും ഹാൻഡ് ഹെൽഡ് റഡാറുകളും ആർജ്ജിക്കൽ

റോഡ് സുരക്ഷ ഉറപ്പാക്കുന്നതിന് വേഗത നിയന്ത്രണം നടപ്പിൽവരുത്തുന്നതിനും സാങ്കേതികമേന്മയുള്ള ആധുനിക റഡാറുകളും വാക്കി-ടോക്കികളും അത്യന്താപേക്ഷിതമാണെന്നും കൂടുതൽ റഡാറുകളും വാക്കി-ടോക്കികളും വകുപ്പിന് ലഭ്യമാക്കേണ്ടത് അടിയന്തിര പ്രാധാന്യമർഹിക്കുന്ന നടപടിയാണെന്നും സമിതിക്ക് ഉത്തമ ബോദ്ധ്യമുണ്ട്. ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 37 ലക്ഷം രൂപ തികച്ചും പരിമിതമാണെന്നും സമിതി കരുതുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ മതിയായ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2006-2007 സാമ്പത്തികവർഷത്തിൽ വേഗത നിയന്ത്രണത്തിനായി കൈ റഡാറുകളും വാക്കി-ടോക്കികളും വാങ്ങിക്കുവാനായി 37 ലക്ഷം രൂപ വകയിരുത്തി യിരുന്നു. എന്നാൽ, ടി പദ്ധതിക്കുള്ള ഭരണാനുമതി ലഭിച്ചത് 18-1-2007നാണ്. അതിനാൽ, ദർഘാസുകൾ ക്ഷണിച്ച് അതിനുള്ള അവസാന തീയതി 5-3-2007 ആയി തീരുമാനിക്കുകയും ചെയ്തുവെങ്കിലും 2 കമ്പനികൾ മാത്രമേ ദർഘാസ് സമർപ്പിച്ചുള്ളു. പക്ഷേ വകുപ്പുതല പർച്ചേസ് കമ്മിറ്റി കൂടുവാനുള്ള സമയമില്ലാതിരുന്ന തുകൊണ്ട് ടി ഉപകരണങ്ങൾ വാങ്ങുവാൻ കഴിഞ്ഞില്ല. ആയതിനാൽ, പദ്ധതിക്ക് അനുവദിച്ച തുക ചെലവഴിക്കാൻ കഴിഞ്ഞില്ല.

### ശുപാർശ നമ്പർ 8

5055-00-800-92—വാഹനം ഏറ്റുവാങ്ങൽ

മോട്ടോർ വാഹന നിയമങ്ങളുടെ പാലനത്തിനായി വകുപ്പുദ്യോഗസ്ഥർക്ക് വാഹന ങ്ങൾ ലഭ്യമാകുന്നതിനുവേണ്ടി ഈ സാമ്പത്തികവർഷം അനുവദിച്ച 20 ലക്ഷം രൂപ തികച്ചും അപര്യാപ്തമാണെന്നും റോഡ് സുരക്ഷാനടപടികൾ ത്വരിത പ്പെടുത്തുന്നതിനും റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനും ചെക്ക് പോസ്റ്റുകൾ ഉൾപ്പെ ടെയുള്ള ഓരോ ഓഫീസിനും ഓരോ വാഹനം എങ്കിലും ലഭ്യമാക്കേണ്ട തിന്റെയും ആവശ്യവും സമിതിക്ക് ബോധ്യമാകുന്നു. ആയതിനാൽ 5055-00-800-92 വാഹനം ഏറ്റുവാങ്ങൽ എന്ന കണക്കിനത്തിൽ 1 കോടി രൂപയെങ്കിലും ഉപധനാഭ്യർത്ഥനവഴി അനുവദിച്ചു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

വാഹനം വാങ്ങുവാനായി 2006-2007 വർഷം അനുവദിച്ചത് 20 ലക്ഷം രൂപയാണ്. 5 വാഹനങ്ങൾ വാങ്ങുവാനുള്ള ഭരണാനുമതി 11-1-2007-ൽ നൽകി യിരുന്നു. 5055-00-800-96(പി) കണക്കിനത്തിൽ നിന്നും 01.11 ലക്ഷം രൂപ വകമാറ്റിയെടുത്ത് 5 വാഹനം വാങ്ങുകയും ചെയ്തു.

## ശുപാർശ നമ്പർ 9

### 5055-00-800-90—ഇ-ഗവേണൻസ് നടപ്പിലാക്കൽ

ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി (ഫാസ്റ്റ് പദ്ധതി) കമ്പ്യൂട്ടർവൽക്കരണത്തിനായി ഈ സാമ്പത്തികവർഷം 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും "കുടുംബശ്രീക്ക്" ഡാറ്റാ എൻട്രി പ്രവർത്തനത്തിന്റെ പേരിൽ 55 ലക്ഷം രൂപ കുടിശ്ശികയിനത്തിൽ നൽകേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കി. വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനും എല്ലാ ജില്ലാതല ഓഫീസുകളിലും വീഡിയോ കോൺഫറൻസിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനും മറ്റുമായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക തീരെ അപര്യാപ്തമാണെന്ന് ഉദ്യോഗസ്ഥർ സമിതിയിൽ വെളിപ്പെടുത്തി. അതുകൊണ്ട് കമ്പ്യൂട്ടറൈസേഷനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ഒരു കോടി രൂപയെങ്കിലും ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

ടി പദ്ധതിക്കായി മൊത്തം 40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽനിന്നും 18 പോസ്റ്റൽ ഫ്രാങ്കിംഗ് മെഷീനുകൾ കിൽബേൺ ഓട്ടോമേഷൻ കമ്പനിയിൽനിന്നും 60 കറൻസി കൗണ്ടിംഗ് മെഷീനുകളും 60 ഫേക്ക് നോട്ട് ഡിറ്റക്ടറുകളും ഇൻഫ്രെഡ് മെത്തൊഡക്സ് കമ്പനിയിൽനിന്നും വാങ്ങിയിട്ടുണ്ട്. 26 ഫാക്സ് മെഷീനുകൾ വാങ്ങിക്കുവാനുള്ള ഭരണാനുമതി നൽകിയെങ്കിലും യഥാസമയം വാങ്ങിയിട്ടില്ല. ഇതോടൊപ്പംതന്നെ ബാക്ക് ലോഗ് ഡാറ്റാ എൻട്രി ഇനത്തിൽ കുടുംബശ്രീക്ക് 40 ലക്ഷം രൂപ നൽകുവാനുണ്ടായിരുന്നു. ആയതിലേക്കായി 10 ലക്ഷം രൂപ 5055-00-800-87 (പി) എന്ന ശീർഷകത്തിൽ നിന്നും 14.32 ലക്ഷം രൂപ 5055-00-800-86 (പി) എന്ന ശീർഷകത്തിൽ നിന്നും വകമാറ്റിയെടുക്കുകയുണ്ടായി. ആകെ 46.32 ലക്ഷം രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

## ശുപാർശ നമ്പർ 10

### 5055-00-800-88—ഡ്രൈവർമാരുടെ പരിശീലനകേന്ദ്രം സ്ഥാപിക്കൽ (70% കേന്ദ്രാവിഷ്കൃത പദ്ധതി)

മലപ്പുറത്ത് മോട്ടോർ വാഹന വകുപ്പിന്റെ സ്വന്തം സ്ഥലത്ത് ഡ്രൈവർമാർക്ക് റോഡ് സുരക്ഷാപരിശീലനം നൽകുന്നതിനായി ആധുനിക രീതിയിലുള്ള ഒരു കേന്ദ്രം സ്ഥാപിക്കുന്നതിനും അനുബന്ധ ഗവേഷണം നടത്തുന്നതിനും 70% കേന്ദ്ര സഹായത്തോടെ ആധുനികരീതിയിലുള്ള ഒരു പരിശീലന ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിനുംവേണ്ടിയാണ് ഈ ശീർഷകത്തിൽ തുക വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത സ്ഥാപനത്തിന്റെ നടത്തിപ്പിന് സൊസൈറ്റി രൂപീകരിച്ച് പദ്ധതി നടപ്പുവർഷത്തിൽ തന്നെ പൂർത്തിയാക്കുവാൻ കഴിയുമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. പദ്ധതിക്കാലത്ത് നീക്കിവച്ചിരുന്ന മുഴുവൻ തുകയും ഈ സാമ്പത്തികവർഷംതന്നെ ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ടി പദ്ധതിക്കുവേണ്ടി 85 ലക്ഷം രൂപ സംസ്ഥാന വിഹിതമായി ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ആയതിലേയ്ക്കുള്ള ഭരണാനുമതി 25-7-2006-ൽ നൽകിയിട്ടുണ്ട്. കേന്ദ്രത്തിനുള്ള കെട്ടിടം പണിയുവാൻവേണ്ടി വിവിധ കമ്പനികളെ ക്ഷണിച്ചു കൊണ്ടുള്ള താൽപ്പര്യ പ്രകടനം പ്രസിദ്ധീകരിച്ചു. സംസ്ഥാന വിഹിതം മുഴുവൻ ഡ്രൈവർ പരിശീലന കേന്ദ്രത്തിനുവേണ്ടിയുള്ള എസ്.ബി. അക്കൗണ്ടിലേയ്ക്ക് മാറ്റുക യുണ്ടായി.

### ശുപാർശ നമ്പർ 11

5055-00-800-87—വാഹന പരിശോധന കേന്ദ്രങ്ങൾ സ്ഥാപിക്കൽ

വാഹന പരിശോധനാ കേന്ദ്രം സ്ഥാപിക്കുന്നതിനും കെട്ടിട നിർമ്മാണത്തിനും അത്യാധുനിക സാങ്കേതിക സൗകര്യമുള്ള വിലപിടിപ്പുള്ള വിദേശ നിർമ്മിത ഉപകരണ ങ്ങൾ വാങ്ങുന്നതിനുമായിട്ടാണ് ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ വകകൊള്ളിച്ചി ട്ടുള്ളത്. അത്യാധുനിക സാങ്കേതിക മേന്മയുള്ള വിദേശ നിർമ്മിത ഉപകരണങ്ങൾ പരിശോധനാകേന്ദ്രത്തിൽ സ്ഥാപിക്കേണ്ടതിന് ഇപ്പോൾ അനുവദിച്ച തുക അപര്യാപ്ത മാണെന്നും സമിതിക്ക് ബോധ്യപ്പെട്ടു. ഈ ശീർഷകത്തിൽ 70 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

വാഹന പരിശോധനാകേന്ദ്രങ്ങൾ സ്ഥാപിക്കുവാനായി ബജറ്റിൽ 10 ലക്ഷം രൂപ യാണ് വകയിരുത്തിയിരുന്നത്. സർക്കാരിൽനിന്നും 19-6-2006-ൽ ഇതിനുവേണ്ടി നൽകിയ ഭരണാനുമതിപ്രകാരം ടി പദ്ധതിക്കായി ദർഘാസ് ക്ഷണിച്ചിരുന്നുവെങ്കിലും ഒരു കമ്പനിയും അപേക്ഷിച്ചിരുന്നില്ല. ആയതിനാൽ അനുവദിച്ച തുകയായ 10 ലക്ഷം രൂപയും 5055-00-800-90 (പി) എന്ന ശീർഷകത്തിലേക്ക് വകമാറ്റികൊടുക്കുകയുണ്ടായി.

### ശുപാർശ നമ്പർ 12

5055-00-800-86—മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളുടെ ആധുനികവൽക്കരണം

വകുപ്പിന്റെ ചെക്ക് പോസ്റ്റുകളുടെ നവീകരണത്തിനായി 25 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളുടെ സ്ഥാനം ഈ വകുപ്പിന്റെ പ്രവർത്തനത്തിന് പ്രാധാന്യമർഹിക്കുന്നതിനാൽ പ്രസ്തുത ആവശ്യത്തിന് 40 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളുടെ നവീകരണത്തിനായി 2006-07 സാമ്പത്തിക വർഷം 25 ലക്ഷം രൂപ അനുവദിച്ചുവെങ്കിലും ഗോവിന്ദപുരം, ഇരിട്ടി, വേലൻതാവളം തുടങ്ങിയ ചെക്ക് പോസ്റ്റുകൾക്ക് സ്ഥലം ലഭ്യമാക്കാനുള്ള ലാന്റ് വാല്യൂ സർട്ടിഫിക്കറ്റ് നേടുവാനായി പാലക്കാട്, കണ്ണൂർ ജില്ലകളിലെ കളക്ടർമാരോട് അപേക്ഷിച്ചിരുന്നുവെങ്കിലും യഥാസമയം മറുപടി ലഭിക്കാത്തതിനാൽ ടി പദ്ധതിക്ക് അനുവദിച്ച തുകയൊന്നും ചെലവഴിക്കാൻ സാധിച്ചില്ല. ആയതിനാൽ 14.32 ലക്ഷം രൂപ

5055-00-800-90-(പി) എന്ന ശീർഷകത്തിലേക്കും 2,47,315 രൂപ 5055-00-800-92-(പി) എന്ന ശീർഷകത്തിലേയ്ക്കും വകമാറ്റി നൽകുകയുണ്ടായി. ആകെ 16.79 ലക്ഷം രൂപ ചെലവഴിക്കുകയും മിച്ചം വന്ന 8.21 ലക്ഷം രൂപ സറണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

ശുപാർശ നമ്പർ 13

3055-00-004-97—ഭരണ നവീകരണ പദ്ധതിയുടെകീഴിലുള്ള പൊതു ഗതാഗതനയം

മോട്ടോർ വാഹന വകുപ്പിൽ ഒരു പൊതു ഗതാഗതനയം രൂപീകരിക്കുന്നതിന് ഭരണ നവീകരണ പദ്ധതി (എം.ജി.പി.)യിൽനിന്നും 1 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 4 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി പദ്ധതിക്കായി 1 ലക്ഷം രൂപയാണ് ബജറ്റിൽ അനുവദിച്ചിരുന്നത്. ഈ പദ്ധതി സംബന്ധിച്ച് നാറ്റ്പാക് എന്ന സർക്കാർ സ്ഥാപനം 18.72 ലക്ഷം രൂപ ചെലവു വരുന്ന ഒരു പദ്ധതി സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ട് പ്രകാരം അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല.

## സബ്ജക്ട് കമ്മിറ്റി V-ന്റെ 2007-08-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

ശുപാർശ നമ്പർ 26, 27, 28

നാഷണൽ ഹൈവേയുടെകീഴിൽ വരുന്ന ആഴൂർക്കടവ് പാലത്തിന്റെ ഈ വർഷത്തെ തുടർനടപടികൾക്കായി അനുവദിച്ചിരിക്കുന്ന 596.20 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 303.80 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

നാഷണൽ ഹൈവേയുടെകീഴിൽ വരുന്ന റോഡുകൾ, കടപ്രവീയപുരം റോഡ് എന്നിവയ്ക്കായി മൊത്തം 75 കോടിയോളം രൂപ ചെലവുവരും എന്ന് സമിതി മനസ്സി ലാക്കുന്നു. ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 40 കോടിക്ക് പുറമേ 35 കോടി രൂപകൂടി അനുവദിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

കരമന-പൂജപ്പുര-കാട്ടാക്കട മണ്ഡപത്തിൻകടവ് റോഡ് പുനരുദ്ധാരണം; അമരവിള, പെരുങ്കടവിള-വെള്ളറട-പാറശ്ശാല മുതലായ റോഡ് പണികളുടെ മൂന്നാം ഘട്ടം അടിയന്തിരമായി തീർക്കേണ്ടതിനാൽ നിലവിലുള്ള 172.70 ലക്ഷം രൂപയ്ക്ക് പുറമേ 52.30 ലക്ഷം രൂപകൂടി ഈ ശീർഷകത്തിൽ ഉചിത മാർഗ്ഗത്തിൽകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി (ശുപാർശ നമ്പർ 26, 27, 28)

സബ്ജക്ട് കമ്മിറ്റി കൂടുതൽ തുകയ്ക്ക് ശുപാർശ ചെയ്തുവെങ്കിലും സർക്കാരിന്റെ അപ്പോഴത്തെ സാമ്പത്തിക പരിമിതിമൂലം തുക അനുവദിച്ചു കിട്ടിയില്ല.

ശുപാർശ നമ്പർ 38

പൊതുമരാമത്ത് വകുപ്പിന്റെകീഴിലുള്ള റോഡുകളുടെ പ്രത്യേക അറ്റകുറ്റപണികൾക്കുള്ള കുടിശ്ശിക തുക മാത്രം 69 കോടി രൂപയാണ്. ഈ വർഷത്തെ ആവശ്യകത വച്ചുനോക്കുമ്പോൾ അനുവദിച്ചിരിക്കുന്ന 62,25,93,000 രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 75 കോടി രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ നമ്പർ 39

പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ വെള്ളപ്പൊക്ക കെടുതികളുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് ഈ സാമ്പത്തിക വർഷത്തിലേക്ക് വകകൊള്ളിച്ചിട്ടുള്ള 21,62,85,000 രൂപ തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. കരാറുകാരുടെ കുടിശ്ശിക ഇനത്തിൽ (മാത്രം) 27 കോടി രൂപ കൊടുത്തു തീർക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ അധികമായി 87 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി (ശുപാർശ നമ്പർ 38, 39)

2005-06 കാലത്തെ പ്രവൃത്തികൾ സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് (നിരത്തുകളും പാലങ്ങളും) വിഭാഗത്തിനുകീഴിൽ പെൻഡിംഗ് പേയ്മെന്റുകൾ ഒന്നും നിലവിലില്ല.

ശുപാർശ നമ്പർ 65

പ്രധാന ജില്ലാതല റോഡുകളുടെ നിർമ്മാണം, വികസനം, പരിഷ്ക്കരണം എന്നിവയ്ക്കുള്ള തുക ഈ കണക്കിലാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. 9425 കിലോമീറ്റർ റോഡുകളുടെ വികസനത്തിനും പരിഷ്ക്കരണത്തിനും 10,000 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

തുടർവർഷങ്ങളിൽ റോഡ് നിർമ്മാണം, വികസനം, പരിഷ്ക്കരണം എന്നിവയ്ക്ക് മതിയായ തുക ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്നു.

ശുപാർശ നമ്പർ 75

സി.ആർ.എഫ്. പണികൾക്ക് 10 കോടി രൂപയാണ് കേന്ദ്രം അനുവദിക്കുന്നത്. വർക്കിന്റെ എസ്റ്റിമേറ്റ് 12 കോടിയോ അതിൽ കൂടുതലോ ആകാറുണ്ട്. അനുവദിക്കുന്ന തുകയുടെ 10 ശതമാനംകൂടി കേന്ദ്ര സർക്കാർ നൽകുന്നുണ്ട്. ബാക്കിവരുന്ന ചെലവ് സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണ്. എന്നാൽ ആവശ്യമായ ഫണ്ട് ഇല്ലാത്തതിനാൽ അധികമായി വരുന്ന തുക അനുവദിക്കുന്നതിന് പലപ്പോഴും സംസ്ഥാന സർക്കാരിന് കഴിയുന്നില്ല. സംസ്ഥാന സർക്കാർ തുക അനുവദിക്കാത്തതിനാൽ പൂർത്തിയാകാതെ കിടക്കുന്ന സി.ആർ.എഫ്. വർക്കുകൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സബ്ജക്ട് കമ്മിറ്റി കൂടുതൽ തുകയ്ക്ക് ശുപാർശ ചെയ്തുവെങ്കിലും സർക്കാരിന്റെ അപ്പോഴത്തെ സാമ്പത്തിക പരിമിതിമൂലം തുക അനുവദിച്ചു കിട്ടിയില്ല.

## 18-12-2007-ലെ യോഗനടപടിക്കുറിപ്പ്

<u>ശുപാർശ നമ്പർ 3</u>

എം.ഡി.ആർ. വിഭാഗത്തിൽ നേരത്തെ ഉൾപ്പെട്ടിരുന്നതും പിന്നീട് ഒഴിവാക്കപ്പെട്ടതുമായ പഴയ 6000 കിലോമീറ്റർ റോഡ് വീണ്ടും എടുക്കണമെന്നുള്ള ശുപാർശ നടത്താൻ സമിതി തീരുമാനിച്ചു. സാമ്പത്തിക പ്രതിസന്ധി ഉള്ളതിനാൽ ആദ്യഘട്ടം എന്ന നിലയിൽ മൂവായിരം കിലോമീറ്റർ ഇപ്പോൾ അറ്റകുറ്റപ്പണികൾ ചെയ്യാമെന്നും ഇതു സംബന്ധിച്ച് ധനകാര്യവകുപ്പുമായി ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളണമെന്നും സമിതി അഭിപ്രായപ്പെട്ടു. അയ്യായിരം കിലോമീറ്റർ റോഡ് പണി ചെയ്യുന്നതിന് 250 കോടി രൂപയും 3000 കിലോമീറ്റർ റോഡ് പണിയുന്നതിന് ഏകദേശം 120 കോടി രൂപയും വേണ്ടിവരുമെന്ന് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചു. എന്നാൽ ഇതിന് 120 കോടി രൂപയാണ് ആകെ വകയിരുത്തിയിട്ടുള്ളതെന്ന് സമിതി ചൂണ്ടിക്കാട്ടി. സഞ്ചാരയോഗ്യമായ റോഡുകൾ ഉറപ്പുവരുത്താൻ കൂടുതൽ തുക പൊതുമരാമത്ത് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2007-08 വർഷം സംസ്ഥാനത്തുണ്ടായ അതിവർഷത്തെ തുടർന്ന് റോഡുകൾക്കും പാലങ്ങൾക്കും വളരെയധികം അറ്റകുറ്റപ്പണികൾ ആവശ്യമായിവന്നു. ആയതിനാൽ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി പ്രസ്തുത വർഷത്തെ പദ്ധതിയിതര ഫണ്ടിൽ അനുവദിച്ച തുകയ്ക്ക് പുറമേ 14-8-2007-ലെ സ.ഉ.(സാധ) നമ്പർ 3541/2007/ഡി.എം.സി. പ്രകാരം 49.9972 കോടി രൂപകൂടി റോഡുകളുടെയും പാലങ്ങളുടെയും അറ്റകുറ്റപ്പണികൾക്കായി അധികം അനുവദിക്കുകയുണ്ടായി.

## സബ്ജക്ട് കമ്മിറ്റി IX (തദ്ദേശസ്വയംഭരണവും സഹകരണവും)-ന്റെ 2007-08-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

<u>ശുപാർശ നമ്പർ 23</u>

ചെറുകിട തുറമുഖങ്ങളുടെ സുഗമമായ നടത്തിപ്പിന് തുറമുഖത്തിന്റെ ആഴം ഒരു പരിധിയിൽ കുറയാതിരിക്കുന്നതിനായി കാലാകാലങ്ങളിൽ തുറമുഖങ്ങളിൽ ഡ്രഡ്ജിംഗ് നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിലേക്കായി 100 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും യാതൊരു തുകയും വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ ആവശ്യപ്പെട്ട 100 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ചെറുകിട തുറമുഖങ്ങളുടെ ഡ്രഡ്ജിംഗിനുവേണ്ടി തുക വിനിയോഗിക്കേണ്ടി വരാത്തതിനാൽ പ്രസ്തുത ശീർഷകത്തിൽ 2007-08 സാമ്പത്തിക വർഷത്തിൽ അധിക തുകയൊന്നും വകയിരുത്തിയിരുന്നില്ല.

## ശുപാർശ നമ്പർ 24

തുറമുഖ വകുപ്പിൽ വിവരസാങ്കേതിക വിദ്യ പ്രോത്സാഹിപ്പിക്കുന്നതിനും ബേപ്പൂർ, അഴീക്കൽ, ആലപ്പുഴ, തങ്കശ്ശേരി എന്നീ തുറമുഖങ്ങളെ സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിലേയ്ക്കാവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി 75 ലക്ഷം രൂപ ഈ ശീർഷകത്തിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 2 ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. അഴീക്കൽ, ബേപ്പൂർ, ആലപ്പുഴ എന്നീ തുറമുഖങ്ങളുടെ വികസനത്തിനായി ഒരു കൺസൾട്ടന്റിനെ നിയമിക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ ബാക്കി 73 ലക്ഷം രൂപകൂടി അനുവദിക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

അഴീക്കൽ 'ബേപ്പൂർ' ആലപ്പുഴ എന്നീ തുറമുഖങ്ങളുടെ വികസനത്തിനായി ഒരു കൺസൾട്ടന്റിനെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് 2007-08 സാമ്പത്തിക വർഷത്തിൽ അധിക ഫണ്ട് ആവശ്യമായിവന്നില്ല എന്നതിനാൽ പ്രസ്തുത ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

## ശുപാർശ നമ്പർ 25

കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന് മൂലധന വിഹിതമായി സർക്കാർ 10 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ തുറമുഖ വകുപ്പിൽ നിന്നും കൈമാറ്റം നടത്തിയ ഡ്രഡ്ജറുകളുടെ വില ഉൾപ്പെടെ ഇതുവരെ 915.99 ലക്ഷം രൂപ കോർപ്പറേഷന് കൊടുത്തുകഴിഞ്ഞു. ഇനി 84 ലക്ഷം രൂപ ഈ ഇനത്തിൽ കോർപ്പറേഷന് നൽകാനുണ്ട്. ഈ സാമ്പത്തിക വർഷം 84 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും യാതൊരു തുകയും അനുവദിച്ചിട്ടില്ല. വിഷയനിർണ്ണയ സമിതി പലതവണ ശുപാർശ നൽകിയിട്ടും ഈ സാമ്പത്തിക വർഷവും തുകയൊന്നും വകയിരുത്താത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. കോർപ്പറേഷന്റെ നിലനിൽപ്പിനായി 84 ലക്ഷം രൂപ യുക്തമായ മാർഗ്ഗത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

2007-08 സാമ്പത്തിക വർഷം തുറമുഖ വകുപ്പിലെ വിവിധ ശീർഷകങ്ങളിൽ നിന്ന് 33,99,000 രൂപ റീഅപ്രോപ്രിയേഷൻ മുഖേന കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്. കൂടാതെ 1,000 രൂപ ടോക്കൺ പ്രൊവിഷൻ ആയി "Supplementary Demands for Grants 5051-80-190-99" എന്ന ശീർഷകത്തിൽ അനുവദിക്കുകയുണ്ടായി. ടി തുക 2007-08-ൽ (34 ലക്ഷം രൂപ) മൂലധന വിഹിതമായി കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. 2008-09 സാമ്പത്തികവർഷം പ്രസ്തുത ശീർഷകത്തിൽ 10 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2009-10 വർഷത്തിലും 10 ലക്ഷം രൂപ മൂലധന വിഹിതമായി അനുവദിച്ചിട്ടുണ്ട്.

## ശുപാർശ നമ്പർ 26

നീണ്ടകര, ബേപ്പൂർ വർക്ക് ഷോപ്പുകളിൽ ആവശ്യാനുസരണം സ്റ്റോർ സാധനങ്ങൾ വാങ്ങുന്നതിനും നീണ്ടകരയിൽ ഒരു സ്ലീപ്പ്‌വേ സ്ഥാപിക്കുന്നതിനുമായി 25 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 5 ലക്ഷം രൂപ മാത്രമേ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ളൂ. ഈ തുക സ്റ്റോർ സാധനങ്ങൾ വാങ്ങുവാൻ മാത്രമേ പര്യാപ്തമാകുകയുള്ളൂ. ആയതിനാൽ 20 ലക്ഷം രൂപകൂടി അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 2007-08 സാമ്പത്തിക വർഷത്തിൽ അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

## ശുപാർശ നമ്പർ 27

വിവിധ തുറമുഖങ്ങളിൽ ബാർജുകൾ, ടഗ്ഗുകൾ, ക്രെയിനുകൾ, വാർത്താവിനിമയ ഉപകരണങ്ങൾ എന്നീ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ഈ പദ്ധതിക്കായി 100 ലക്ഷം രൂപയാണ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ തുകയൊന്നും തന്നെ വകയിരുത്തിയിട്ടില്ല. ഈ പദ്ധതിപ്രകാരം ബേപ്പൂർ തുറമുഖ വികസനവുമായി ബന്ധപ്പെട്ട് ക്രെയിൻ വാങ്ങുന്നതിന് എസ്കോർട്ട് എന്ന സ്ഥാപനത്തിന് സർക്കാർ തീരുമാനപ്രകാരം ഓർഡർ നൽകിക്കഴിഞ്ഞ സാഹചര്യത്തിൽ ഈ ശീർഷകത്തിൽ ആവശ്യപ്പെട്ട 100 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഇതിനു പുറമെ സംസ്ഥാനത്തിന്റെ പൊതുവേയുള്ള ആവശ്യം കണക്കിലെടുത്ത് ഒരു പുതിയ ജങ്കാർകൂടി വാങ്ങുന്നതിനായി 1 കോടി രൂപ അധികമായി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 2007-08 സാമ്പത്തിക വർഷത്തിൽ അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

## ശുപാർശ നമ്പർ 28

തുറമുഖങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമായ ജലവാഹനങ്ങളുടേയും ക്രെയിനുകളുടേയും വാർഷിക അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനുമായി തുകയൊന്നുംതന്നെ വകയിരുത്തിയിട്ടില്ല. ഇത് തുറമുഖങ്ങളുടെ പ്രവർത്തനം മന്ദീഭവിക്കാൻ കാരണമാകുമെന്നതിനാൽ ഈ ശീർഷകത്തിൽ ആവശ്യപ്പെട്ട 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

ജലവാഹനങ്ങളുടേയും ക്രെയിനുകളുടേയും അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ പണം മറ്റ് ശീർഷകങ്ങളിൽ നിന്നും കണ്ടെത്തി വിനിയോഗിച്ചിട്ടുള്ള സാഹചര്യത്തിൽ അധിക തുക ആവശ്യമായിവന്നില്ല. മേൽ സാഹചര്യത്തിൽ പ്രസ്തുത ശീർഷകത്തിൽ 2007-08 സാമ്പത്തിക വർഷത്തിൽ അധിക തുകയൊന്നും വകയിരുത്തിയിരുന്നില്ല.

ശുപാർശ നമ്പർ 29

കേരളത്തിൽ നിലവിലുള്ള തുറമുഖങ്ങളിൽ ഓഫീസ് കെട്ടിടങ്ങൾ, സിഗ്നൽ സ്റ്റേഷനുകൾ, ലൈറ്റ് ഹൗസുകൾ എന്നിവ ആധുനീകരിക്കുന്നതിനും ഗോഡൗണുകളുടെ നിർമ്മാണം വൈദ്യുതീകരണം, ജലവിതരണം, ഗതാഗത സൗകര്യം എന്നിവ ഏർപ്പെടുത്തുന്നതിനും നിലവിലുള്ള വാർഫുകൾ, ജെട്ടികൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തത് തുറമുഖങ്ങളുടെ പ്രവർത്തനക്ഷമതയെ സാരമായി ബാധിക്കുമെന്നതിനാൽ ഇക്കാര്യങ്ങൾക്കായി 100 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 2007-08 സാമ്പത്തിക വർഷത്തിൽ അധിക തുകയൊന്നും വകയിരുത്തിയിട്ടില്ല.

ശുപാർശ നമ്പർ 30

തുറമുഖ ഡയറക്ടറേറ്റിനുള്ള കെട്ടിടം പണി തുറമുഖ ഡയറക്ടറേറ്റിനും ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിനും ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിനായി 10 വർഷത്തെ പണികൾക്ക് ഈ തുക പര്യാപ്തമാകുകയില്ല. ആയതിനാൽ 16 ലക്ഷം രൂപകൂടി അധികമായി ഈ ശീർഷകത്തിൽ വകയിരുത്തുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

തുറമുഖ വകുപ്പിനുവേണ്ടി കെട്ടിടം പണിയുന്ന സ്ഥലം മാസ്റ്റർ പ്ലാൻ അനുസരിച്ച് ഗ്രീൻ സ്ട്രിപ്പ് സോണിൽ ആയതിനാൽ തൽക്കാലം കെട്ടിടനിർമ്മാണം നിർത്തിവച്ചിരിക്കുകയാണ്. പുതിയ സ്ഥലം കണ്ടെത്തി തുറമുഖ വകുപ്പിന് ആസ്ഥാനമന്ദിരം പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശുപാർശ നമ്പർ 31

കേരളത്തിന്റെ സമഗ്രവികസനത്തിന് ആക്കം കൂട്ടുമെന്ന് കരുതുന്ന ഒരു പ്രോജക്ടാണ് വിഴിഞ്ഞം അന്താരാഷ്ട്ര കപ്പൽ ഗതാഗത ടെർമിനൽ. പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ മുന്തിയ പരിഗണനയാണ് നൽകിയിരിക്കുന്നത്. വിഴിഞ്ഞത്ത് അന്താരാഷ്ട്ര കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ സ്ഥാപിക്കുന്നതിനോടനുബന്ധിച്ച് റോഡ്/റെയിൽ ബന്ധം, ശുദ്ധജലത്തിന്റേയും വൈദ്യുതിയുടേയും വിതരണം, പാരിസ്ഥിതിക സംരക്ഷണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് വളരെയധികം തുക ആവശ്യമുണ്ട്. സംസ്ഥാന പ്ലാനിംഗ് ബോർഡ് തന്നെ ഇതിലേക്കായി 350 കോടി രൂപ വകയിരുത്തണമെന്ന് പ്രത്യേകം നിർദ്ദേശിച്ചിരുന്നുവെങ്കിലും നാമമാത്രമായ 25 ലക്ഷം രൂപ മാത്രമാണ് ഇക്കാര്യത്തിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത്. ഇത് വളരെ പരിമിതവും പ്രസ്തുത വികസന പ്രവർത്തനങ്ങളുടെ പ്രാഥമിക കാര്യങ്ങൾപോലും നടപ്പിലാക്കുന്നതിന് അപര്യാപ്തവുമാണ്. സംസ്ഥാന സർക്കാർ വളരെ പ്രാധാന്യത്തോടെ കാണുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി ഇത്രയും കുറഞ്ഞ തുക മാത്രം വകയിരുത്തിയതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

## ശുപാർശ നമ്പർ 32

ഇക്കാര്യത്തിൽ പ്ലാനിംഗ് ബോർഡിന്റെ ശുപാർശ കണക്കിലെടുത്ത് പ്രത്യേക പരിഗണന നൽകി 25 കോടി രൂപയെങ്കിലും പ്രാഥമിക അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി ഈ വർഷത്തെ ബജറ്റിൽതന്നെ യുക്തമായ മാർഗ്ഗത്തിൽകൂടി വിഹിതമായി വകയിരുത്തണമെന്ന് സമിതി ശക്തമായി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി 31, 32

പ്രസ്തുത ശീർഷകത്തിൽ 500 ലക്ഷം രൂപ സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ് വഴിയും 6,01,000 രൂപ ധനപുനർവിനിയോഗംവഴിയും അധിക ഫണ്ട് അനുവദിച്ചിരുന്നു.

## ശുപാർശ നമ്പർ 34

നിലവിലുള്ള തുറമുഖങ്ങളുടെ വികസനത്തിനുള്ള മാതൃകാപഠനങ്ങളും പരീക്ഷണങ്ങളും നടത്തുന്നതിനും പുതിയ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ അന്വേഷണ ഗവേഷണ പഠനം, പദ്ധതികളുമായി ബന്ധപ്പെട്ട പാരിസ്ഥിതിക മാറ്റങ്ങളെക്കുറിച്ചുള്ള പഠനം, പദ്ധതി രൂപരേഖ തയ്യാറാക്കൽ എന്നിവയ്ക്കും സാങ്കേതിക പുസ്തകങ്ങൾ, സർവ്വേ ഉപകരണങ്ങൾ, പുതിയ വാഹനം എന്നിവ വാങ്ങുന്നതിനും തുകയൊന്നും വകയിരുത്തിയിട്ടില്ല. അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾക്ക് തുക വകയിരുത്താത്തത് ഈ വകുപ്പിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ പ്രസ്തുത ശീർഷകത്തിൽ 31 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 2007-08 സാമ്പത്തിക വർഷത്തിൽ ഫണ്ട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും അധിക തുകയൊന്നുംതന്നെ വകയിരുത്തിയിട്ടില്ല.

## ശുപാർശ നമ്പർ 35

ബേപ്പൂർ വാണിജ്യ തുറമുഖ ബേസിനിലെ മണ്ണുമാന്തൽ, ജലവിതരണ സംവിധാനം, പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം എന്നിവയ്ക്കായി 75 ലക്ഷം രൂപയാണ് ആകെ വകയിരുത്തിയിട്ടുള്ളത്. ഇത് തികച്ചും അപര്യാപ്തമാണ്. നിലവിൽ ചെയ്തുകഴിഞ്ഞ പണികൾക്കുതന്നെ പണം നൽകാനുള്ള സാഹചര്യത്തിൽ 200 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 2007-08 സാമ്പത്തിക വർഷത്തിൽ അധിക തുകയൊന്നും വകയിരുത്തിയിട്ടില്ല.

## ശുപാർശ നമ്പർ 36

അഴീക്കൽ തുറമുഖ വികസനവുമായി ബന്ധപ്പെട്ട് ബ്രേക്ക് വാട്ടർ, കാർഗോബർത്ത് എന്നിവയുടെ നിർമ്മാണം, നാവിഗേഷണൽ എയിഡ്സ്, വൈദ്യുതി,

ജലവിതരണം, അപ്രോച്ച് റോഡ് തുടങ്ങിയ പശ്ചാത്തല സൗകര്യം ഒരുക്കൽ എന്നിവയ്ക്കായി 225 ലക്ഷം രൂപ അനുവദിച്ചത് മതിയാകുകയില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 475 ലക്ഷം രൂപകൂടി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശുപാർശപ്രകാരം പ്രസ്തുത ശീർഷകത്തിൽ 2007-08 സാമ്പത്തിക വർഷത്തിൽ അധിക തുകയൊന്നുംതന്നെ വകയിരുത്തിയിട്ടില്ല.

<u>ശുപാർശ നമ്പർ 37</u>

തുറമുഖങ്ങൾ ഉപയോഗയോഗ്യമാക്കി നിലനിർത്തുന്നതിനായി വിവിധ മേഖലകളിൽ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനും കേരളത്തിന്റെ തുറമുഖ ചരിത്രത്തിൽ പ്രധാനഭാഗങ്ങളായിരുന്ന കടൽപ്പാലങ്ങളുടെ അറ്റകുറ്റപ്പണികളും തനതു സ്വഭാവത്തിലുള്ള മരാമത്ത് പണികൾ ചെയ്യുന്നതിനുമായി 150 ലക്ഷം രൂപ വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും യാതൊരു തുകയും വകയിരുത്തിയിട്ടില്ല. കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തിന് മുതൽ കൂട്ടായ കടൽപ്പാലങ്ങളെ സംരക്ഷിക്കേണ്ടതും അവ ചരിത്രത്തിന്റെ സ്മാരകങ്ങളായി നിലനിർത്തേണ്ടതും അവയുടെ ദുരുപയോഗം തടയേണ്ടതും അനിവാര്യമായതിനാൽ ഇവയുടെ സംരക്ഷണത്തിനായി ഈ ശീർഷകത്തിൽ 150 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ആയതിനാൽ കടൽപ്പാലങ്ങളിൽ ചിലതെങ്കിലും ചരിത്രസ്മാരകമാക്കി സംരക്ഷിച്ച് നിലനിർത്തുന്നതിനെ സംബന്ധിച്ച് ഒരു പഠനം നടത്തി സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ 2007-08 സാമ്പത്തിക വർഷത്തിൽ കടൽപ്പാലങ്ങളുടെ പുനരുദ്ധാരണത്തിനായി ഫണ്ട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും അധിക തുകയൊന്നുംതന്നെ വകയിരുത്തിയിട്ടില്ല.

<u>ശുപാർശ നമ്പർ 38</u>

വിഴിഞ്ഞം തുറമുഖത്ത് ചരക്കുഗതാഗതം സുഗമമാക്കുന്നതിനായി വാർഫിന്റെ നീളം കൂട്ടുന്നതിനും ഇടത്തരം കപ്പലുകൾക്ക് അടുക്കുന്നതിനുമായി 8 മീറ്റർ ആഴത്തിൽ മണ്ണുമാന്തുന്നതിനും ചരക്ക് സൂക്ഷിക്കുന്നതിനായി ഷെഡുകൾ നിർമ്മിക്കുന്നതിനും വൈദ്യുതി, ജലവിതരണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി ആകെ 25 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇത് തികച്ചും അപര്യാപ്തമാണ്. നിലവിലുള്ള തുറമുഖത്ത് കാർഗോ ബർത്തും അനുബന്ധ ഘടകങ്ങളും നിർമ്മിക്കുന്നതിനായി ഈ ശീർഷകത്തിൽ 75 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശുപാർശപ്രകാരം പ്രസ്തുത ശീർഷകത്തിൽ 2007-08 സാമ്പത്തിക വർഷത്തിൽ അധിക തുകയൊന്നുംതന്നെ വകയിരുത്തിയിരുന്നില്ല.

ശുപാർശ നമ്പർ 39

ടൂറിസം വികസനരംഗത്ത് അനന്തസാദ്ധ്യതകളുള്ള ആലപ്പുഴയിൽ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് നിർമ്മിക്കുവാനുദ്ദേശിക്കുന്ന മറീന പോർട്ടിനോടനുബന്ധിച്ച് ആലപ്പുഴ കടൽപ്പാലത്തെയും ബന്ധപ്പെടുത്തി നവീകരിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നു. ഈ പ്രവർത്തനത്തിന് ഈ തുക മതിയാകുകയില്ല എന്നതിനാൽ 35 ലക്ഷം രൂപകൂടി അധികമായി അനുവദിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. അതോടൊപ്പം പ്രസ്തുത മറീന പോർട്ട് പദ്ധതിയിൽ തോട്ടപ്പള്ളിമുതൽ ആർത്തുങ്കൽവരെയുള്ള ഭാഗംകൂടി ഉൾപ്പെടുത്തി വികസനപ്രവർത്തനങ്ങൾ നടത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ തുറമുഖത്തിന്റെ DPR തയ്യാറാക്കുന്നതിൽ കൺസൾട്ടന്റിനെ നിയമിക്കാത്ത സാഹചര്യത്തിൽ 2007-08 സാമ്പത്തിക വർഷത്തിൽ കൂടുതൽ തുകയൊന്നും ആവശ്യമായിവന്നില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത ശീർഷകത്തിൽ അധിക ഫണ്ട് വകയിരുത്തിയിരുന്നില്ല.

ശുപാർശ നമ്പർ 40

കേന്ദ്രസർക്കാർ തുറമുഖമായി പ്രഖ്യാപിച്ച തങ്കശ്ശേരി, സംസ്ഥാനത്തെ ഏറ്റവും പഴക്കംചെന്നതും വളരെ വികസനസാധ്യതയുള്ളതുമായ തുറമുഖമാണ്. ഈ തുറമുഖത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് മണ്ണുമാന്തൽ, കാർഗോ ബർത്ത് നിർമ്മാണം, അപ്രോച്ച് റോഡ് നിർമ്മാണം, ക്രെയിൻ സ്ഥാപിക്കൽ, വൈദ്യുതി, ജലവിതരണം തുടങ്ങി അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യാൻ ആകെ 170 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇതു വളരെ പരിമിതമാണ്. സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് കമ്മീഷൻ ചെയ്യാൻ ഉദ്ദേശിച്ചിരിക്കുന്ന ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനും സമയബന്ധിതമായി തീർക്കുന്നതിനും ബഡ്ജറ്റ് വിഹിതമായി ആവശ്യപ്പെട്ടിരുന്ന 300 ലക്ഷം രൂപ മുഴുവനായും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ശീർഷകത്തിൽ 2007-08 സാമ്പത്തിക വർഷത്തിൽ അധിക തുകയൊന്നും അനുവദിച്ചിരുന്നില്ല.

ശുപാർശ നമ്പർ 43

3051-02-103-96-മൺസൂണിന് മുമ്പും പിൻപും ഉള്ള മണ്ണുമാന്തലിന്റെ നിരീക്ഷണം

കേരളത്തിലെ വിവിധ ചെറുകിട ഇടത്തരം തുറമുഖങ്ങളിൽ സർവ്വേക്കും മണ്ണുമാന്തലിന് മുമ്പും പിൻപും ഉള്ള സർവ്വേയ്ക്കുമുള്ള ചെലവിനായി 4 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 6 ലക്ഷം രൂപകൂടി അധികം വകയിരുത്തുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2007-08 സാമ്പത്തിക വർഷത്തിൽ പ്രസ്തുത കണക്കിനത്തിൽ ബഡ്ജറ്റ് വിഹിതത്തിന് പുറമെ അധിക തുകയൊന്നും വകയിരുത്തിയിട്ടില്ല.

ശുപാർശ നമ്പർ 44

ഹൈഡ്രോഗ്രാഫിക് സർവ്വേക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി യാതൊരു തുകയും വകയിരുത്തിയിട്ടില്ല. ഇത് തുറമുഖങ്ങളുടെ പ്രവർത്തനത്തെ സുഗമമാക്കുന്നതിനുള്ള സർവ്വേയെ ബാധിക്കുന്നതിനാൽ ഏറ്റവും അത്യാവശ്യമായി വേണ്ട ഡി.ജി.പി.എസ്. (സോഫ്റ്റ് വെയർ അടക്കം) വാങ്ങുന്നതിനായി 30 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2007-08 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ തുകയൊന്നും അധികമായി അനുവദിച്ചില്ല.

ശുപാർശ നമ്പർ 45

ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗത്തിന് ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ നിരീക്ഷണ കപ്പലുകൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ യാണ് വികയിരുത്തിയിട്ടുള്ളത്. എന്നാൽ പണി നടന്നുകൊണ്ടിരിക്കുന്ന പുതിയ നിരീക്ഷണ കപ്പലുകളുടെ ബാക്കി തുക നൽകുന്നതിനുപോലും ഈ തുക പര്യാപ്തമല്ല. ആയതിനാൽ, ഇത് നൽകുന്നതിനായി 14 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികം അനുവദിക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2007-08 സാമ്പത്തിക വർഷത്തിൽ പ്രസ്തുത കണക്കിനത്തിൽ ബഡ്ജറ്റ് വിഹിതത്തിന് പുറമെ അധിക തുകയൊന്നും വകയിരുത്തിയിട്ടില്ല.

ശുപാർശ നമ്പർ 46

ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നിരീക്ഷണ കപ്പലുകളുടെ ആധുനികവൽക്കരണം അത്യന്താപേക്ഷിതമാണ്. കാലാകാലങ്ങളിൽ മാറുന്ന സാങ്കേതിക വിദ്യയ്ക്കൊപ്പം നിരീക്ഷണ കപ്പലുകളുടെ ആധുനിക വൽക്കരണം നടത്തേണ്ടതുണ്ട്. എന്നാൽ, ഇതിനായി ആകെ 8,00,000 രൂപയേ വകയിരുത്തിയിട്ടുള്ളു. ആധുനികവൽക്കരണത്തിന് വധേയമാക്കിയ നിരീക്ഷണ കപ്പലുകളുടെ ബാക്കി തുക നൽകുവാൻപോലും ഈ തുക പര്യാപ്തമാവാത്തതിനാൽ 12 ലക്ഷം രൂപ കൂടി അധികമായി ഈ ശീർഷകത്തിൽ വകയിരുത്തുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2007-08 സാമ്പത്തിക വർഷത്തിൽ പ്രസ്തുത കണക്കിനത്തിൽ ബഡ്ജറ്റ് വിഹിതത്തിന് പുറമെ അധിക തുക അനുവദിച്ചിട്ടില്ല.

## സബ്ജക്ട് കമ്മിറ്റി IX (തദ്ദേശസ്വയംഭരണവും സഹകരണവും)-ന്റെ 2008-09-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

### ശുപാർശ നമ്പർ 25

3051-02-800-96—തൊഴിലാളികളുടെ ക്ഷേമവും സുരക്ഷിതത്വവും വികസിപ്പിക്കൽ :
വിഹിതം : 5 ലക്ഷം രൂപ

തുറമുഖ വകുപ്പിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സുരക്ഷിതത്വത്തിനും ക്ഷേമത്തിനുംവേണ്ടി ഒരു ബോർഡ് രൂപീകരിക്കുന്നതിനും തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിനുമായി 15 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 5 ലക്ഷം രൂപ മാത്രമേ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളു. ഈ തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2008-09 സാമ്പത്തിക വർഷം പ്രതീക്ഷിച്ചതുപോലെ നടപടിക്രമങ്ങൾ പൂർത്തിയാകാത്തതുകൊണ്ട് ടി ശീർഷകത്തിൽ അനുവദിച്ചിരുന്ന 5 ലക്ഷം രൂപ ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ, ബഡ്ജറ്റ് വിഹിതം സറണ്ടർ ചെയ്യുകയാണുണ്ടായത്. ബഡ്ജറ്റ് വിഹിതം സറണ്ടർ ചെയ്ത സാഹചര്യത്തിൽ ഈ കണക്ക് ശീർഷകത്തിൽ അധിക തുകയൊന്നുംതന്നെ വകയിരുത്തിയില്ല.

### ശുപാർശ നമ്പർ 26

3051-02-101-99—നിർമ്മാണവും അറ്റകുറ്റപ്പണികളും

തുറമുഖ വകുപ്പിന്റെകീഴിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 12 ലക്ഷം രൂപയാണ് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്നത്. കടൽക്കരയിൽ സ്ഥിതി ചെയ്യുന്നതിനാലും ഉപ്പുരസ അന്തരീക്ഷം ഉള്ളതിനാലും വാർഷിക അറ്റകുറ്റപണികൾ അത്യാവശ്യമാണ്. ഇതിലേക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2008-09 സാമ്പത്തിക വർഷത്തിൽ അധിക തുക ആവശ്യമായി വന്നില്ല. ആയതിനാൽ, ബഡ്ജറ്റ് വിഹിതത്തിനു പുറമേ അധിക തുകയൊന്നും 2008-09-ൽ അനുവദിച്ചില്ല.

### ശുപാർശ നമ്പർ 27

3051-80-800-99—മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കൽ:
വിഹിതം : 25 ലക്ഷം രൂപ

തുറമുഖം, കപ്പലുകൾ എന്നിവയിൽ ജോലിചെയ്യുന്ന വിദഗ്ധ തൊഴിലാളികളുടെ എണ്ണത്തിൽ വളരെ ദൗർലഭ്യം നേരിടുന്നുണ്ട്. ഈ മേഖലയിൽ വളരെയധികം

തൊഴിൽ സാദ്ധ്യതകളും നിലവിൽ ഉണ്ട്. ഇതിന് അനുയോജ്യമായ വിവിധതരം കോഴ്സുകൾ, പരിശീലനം എന്നിവ നടത്തുന്നതിന് സംസ്ഥാനത്ത് പുതിയതായി 2 മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുന്നതിന് (കാസർഗോഡ്, തിരുവനന്തപുരം) സ്ഥാപനങ്ങൾക്ക് ആവശ്യമായ പുസ്തകങ്ങൾ, ഉപകരണങ്ങൾ, വാഹനങ്ങൾ എന്നിവ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിരിക്കുന്നത്. ഈ തുക തീരെ അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപകൂടി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ സപ്ലിമെന്ററി ഡിമാൻഡ്സ് ഫോർ ഗ്രാന്റ്സുവഴി (കമ്മിറ്റി ശുപാർശ ചെയ്തതനുസരിച്ച്) 75 ലക്ഷം രൂപകൂടി അനുവദിച്ചിരുന്നു.

ശുപാർശ നമ്പർ 28

3051-80-800-98—വിഭവ സമാഹരണത്തിനുവേണ്ടിയുള്ള സെമിനാർ:
വിഹിതം : ഇല്ല

കേരളത്തിലെ തുറമുഖ വികസനത്തിന് സ്വകാര്യ നിക്ഷേപകരിൽനിന്നും നിക്ഷേപം സമാഹരിക്കുന്നതിനായി സെമിനാറുകളും മറ്റും സംഘടിപ്പിക്കുന്നതിനായി 50 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. വിഭവ സമാഹരണത്തിന് സെമിനാറുകളും മറ്റും സംഘടിപ്പിക്കേണ്ടത് അത്യാവശ്യമായതിനാൽ ഈ ശീർഷകത്തിൽ ആവശ്യപ്പെട്ടിരുന്ന 50 ലക്ഷം രൂപ അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

ഈ ശീർഷകം "Investment, Promotion and Marketing" എന്ന് പുനഃനാമകരണം ചെയ്യണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരളത്തിലെ തുറമുഖ വികസനത്തിന് സ്വകാര്യ നിക്ഷേപകരിൽനിന്നും നിക്ഷേപം സമാഹരിക്കുന്നതിനുവേണ്ടിയുള്ള സെമിനാർ സംഘടിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ പ്രതീക്ഷിച്ചതുപോലെ പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ കമ്മിറ്റി ശുപാർശ ചെയ്ത തുക ആവശ്യമായിവന്നില്ല. ഈ ശീർഷകത്തിന്റെ പുനഃനാമകരണം ചെയ്യുന്നതിനുവേണ്ടി അക്കൗണ്ടന്റ് ജനറലിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ കണക്ക് ശീർഷകത്തിൽ അധിക തുകയൊന്നുംതന്നെ മേൽ സാഹചര്യത്തിൽ വകയിരുത്തിയില്ല.

ശുപാർശ നമ്പർ 29

3051-80-800-97—മാരിടൈം ബോർഡ് രൂപീകരിക്കൽ
വിഹിതം : 5 ലക്ഷം

മാരിടൈം ബോർഡ് രൂപീകരിക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾക്കായി 5 ലക്ഷം രൂപ മാത്രമേ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളു. അടിയന്തിരമായി ബോർഡ് രൂപീകരിച്ചാൽ കേന്ദ്ര ഗവൺമെന്റിൽനിന്നും മറ്റു ചില സാമ്പത്തിക

സഹായം ലഭ്യമാക്കാനും അതുവഴി ഇതിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനും സാധിക്കുമെന്നതിനാൽ ഈ ശീർഷകത്തിൽ 45 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 2008-09 സാമ്പത്തിക വർഷത്തിൽ തുകയൊന്നും ചെലവായിട്ടില്ലാത്തതിനാൽ കൂടുതൽ ഫണ്ടിന് നടപടി ആവശ്യമായിവന്നില്ല. തുക ചെലവ് വരാതിരുന്ന സാഹചര്യത്തിൽ ഈ കണക്ക് ശീർഷകത്തിൽ അധിക തുക യൊന്നുംതന്നെ വകയിരുത്തിയില്ല.

ശുപാർശ നമ്പർ 30

5051-02-200-91—ഗവേഷണവും വികസനവും

തുറമുഖങ്ങളിൽ വിവരസാങ്കേതിക വിദ്യ പ്രോത്സാഹിപ്പിക്കുന്നതിനും കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനും ജീവനക്കാർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനും തുറമുഖ വികസന പ്രോജക്ടുമായി ബന്ധപ്പെട്ട സെമിനാറുകൾ, പരസ്യങ്ങൾ തുടങ്ങി യവയ്ക്കും 25 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത തുക തീരെ കുറവായതിനാൽ 50 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിവരസാങ്കേതിക വിദ്യ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി രുന്നില്ല. ബഡ്ജറ്റ് തുക മുഴുവനായി വിനിയോഗിച്ചിരുന്നുവെങ്കിലും അധിക തുക വകയിരുത്തിയിട്ടില്ല.

ശുപാർശ നമ്പർ 31

5051-80-800-80—തെരഞ്ഞെടുത്ത തുറമുഖങ്ങളിൽ റോഡ്/റെയിൽ ബന്ധം സ്ഥാപിക്കുന്നതിനുള്ള സ്ഥലമേറ്റെടുക്കൽ

വിഹിതം : 5 ലക്ഷം

അഴീക്കൽ, ബേപ്പൂർ, വിഴിഞ്ഞം തുറമുഖങ്ങളിലേയും മറ്റു തുറമുഖങ്ങളിലേയും റെയിൽ/റോഡ് വികസനത്തിനും മറ്റും സ്ഥലം ഏറ്റെടുക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച 5 ലക്ഷം രൂപ തുലോം കുറവാണ്. ആയതിനാൽ, ഈ ശീർഷകത്തിൽ ആവശ്യപ്പെട്ട 20 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അഴീക്കൽ, ബേപ്പൂർ, വിഴിഞ്ഞം തുറമുഖങ്ങളിലേയും മറ്റു തുറമുഖങ്ങളിലേയും റെയിൽ/റോഡ് വികസനത്തിനും മറ്റും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ 2008-09 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിച്ചതുപോലെ പൂർത്തിയായിട്ടില്ല. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകാത്തതിനാൽ സമിതി ശുപാർശ ചെയ്ത തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടിവന്നില്ല.

<u>ശുപാർശ നമ്പർ 32</u>

5051-80-800-65—<u>ആലപ്പുഴ തുറമുഖ വികസനം</u>

വിഹിതം : 20 ലക്ഷം രൂപ

ആലപ്പുഴ തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത് 20 ലക്ഷം രൂപ മാത്രമാണ്. ആയതിനാൽ, ഈ ശീർഷകത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന ബാക്കി തുക യായ <u>30</u> ലക്ഷം രൂപകൂടി വകയിരുത്തുവാൻ സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2008-09 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിച്ചതുപോലെ നടപടിക്രമങ്ങൾ പൂർത്തിയാകാത്തതിനാൽ ഈ ശീർഷകത്തിലെ വിഹിതം ചെലവായില്ല. ഈ സാഹ ചര്യത്തിൽ ഈ കണക്ക് ശീർഷകത്തിൽ അധിക തുകയൊന്നുംതന്നെ വകയിരുത്തിയില്ല.

<u>ശുപാർശ നമ്പർ 33</u>

5051-80-800-69—<u>ബേപ്പൂർ തുറമുഖത്തെ പാസഞ്ചർ ടെർമിനൽ</u>

വിഹിതം : 30 ലക്ഷം രൂപ

ബേപ്പൂർ തുറമുഖത്തെ പാസഞ്ചർ ടെർമിനലിന്റെ അടിസ്ഥാന സൗകര്യ വികസനം, ഡ്രഡ്ജിംഗ്, യന്ത്രങ്ങൾ, ഉരുക്കളുടെ പുനരുദ്ധാരണം എന്നിവയ്ക്കായി ഇപ്പോൾ ബഡ്ജറ്റിൽ 30 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ, ഈ ശീർഷകത്തിൽ 70 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2008-09 സാമ്പത്തിക വർഷത്തിൽ തുറമുഖ വികസനത്തിനായുള്ള ബിഡ് ഇവാലുവേഷൻ നടപടികൾ പൂർത്തീകരിക്കാത്തതിനാൽ പ്രസ്തുത ശീർഷകത്തിൽ സമിതി ശുപാർശ ചെയ്ത അധിക തുക ആവശ്യമായിവന്നില്ല. ഈ സാഹചര്യത്തിൽ ഈ കണക്ക് ശീർഷകത്തിൽ അധിക തുകയൊന്നുംതന്നെ വകയിരുത്തിയില്ല.

<u>ശുപാർശ നമ്പർ 34</u>

5051-80-800-67—<u>വിഴിഞ്ഞം കയറ്റിറക്ക് തുറമുഖം</u>

വിഹിതം : 10 ലക്ഷം രൂപ

വിഴിഞ്ഞം കയറ്റിറക്ക് തുറമുഖത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ഡ്രഡ്ജിംഗ് നടത്തുന്നതിനും ഓഫീസ്, സംഭരണശാലകൾ എന്നിവയുടെ അറ്റകുറ്റപ്പണി കൾക്കും ടഗ്ഗുകളുടേയും ബാർജുകളുടേയും നിർമ്മാണത്തിനുമായി വകയിരുത്തിയിരി ക്കുന്ന 10 ലക്ഷം രൂപയ്ക്ക് പുറമെ 15 ലക്ഷം രൂപ കൂടി അധികമായി ഈ ശീർഷക ത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

600 എച്ച്.പി. ടഗ്ഗിന്റെ നിർമ്മാണത്തിനും മൊബൈൽ ക്രയിനുകളുടെ റിപ്പയറിംഗിനും വേണ്ടിയുള്ള പ്രാരംഭപ്രവർത്തനങ്ങൾക്ക് മാത്രമാണ് പ്രസ്തുത ശീർഷ കത്തിലെ തുക ചെലവഴിച്ചത്. പ്രതീക്ഷിച്ചതുപോലുള്ള ചെലവുകൾ ഉണ്ടാകാത്തതി നാൽ അധിക തുകയ്ക്കുള്ള ശുപാർശകൾ സമർപ്പിച്ചിട്ടില്ല. അതിനാൽ ഈ കണക്ക് ശീർഷകത്തിൽ അധിക തുകയൊന്നുംതന്നെ വകയിരുത്തിയില്ല.

ശുപാർശ നമ്പർ 35

5051-80-800-68—അഴീക്കൽ തുറമുഖം (സാന്റ് പ്യൂരിഫിക്കേഷൻ യൂണിറ്റ്):
വിഹിതം : 10 ലക്ഷം രൂപ

അഴീക്കൽ തുറമുഖത്ത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന മണൽ ശുദ്ധീകരണശാല ക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ, യന്ത്രസാമഗ്രികൾ വാങ്ങൽ എന്നിവയ്ക്കും കപ്പലു കളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പണിശാല ആരംഭിക്കുന്നതിനുമായി 150 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും കേവലം 10 ലക്ഷം രൂപ മാത്രമാണ് ഈ ശീർഷക ത്തിൽ വകയിരുത്തിയിരിക്കുന്നത്. സർക്കാരിന് സാമ്പത്തിക നേട്ടം ഉണ്ടാകുന്ന പ്രസ്തുത പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 10 ലക്ഷം രൂപ തുലോം കുറവാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ, വകുപ്പ് ആവശ്യപ്പെട്ട 140 ലക്ഷം രൂപകൂടി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2008-09 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ പ്രതീക്ഷിച്ചതു പോലെ ചെലവ് വരാത്തതിനാൽ അധിക തുകയ്ക്കുള്ള ശുപാർശകൾ സമർപ്പിച്ചിട്ടില്ല. പ്രസ്തുത സാമ്പത്തിക വർഷത്തിൽ അഴീക്കൽ തുറമുഖ വികസനത്തിനായി ഡിലോയിറ്റ് ടച്ച് തോഫമാത്സു ലി. എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി നിയമിക്കു കയും പ്രവർത്തനം ആരംഭിക്കുകയും തുടർന്ന് ഇൻസ്പെക്ഷൻ റിപ്പോർട്ടും ഡീറ്റയിൽഡ് ഫിസിബിലിറ്റി റിപ്പോർട്ടും സമർപ്പിച്ചു. തുടർനടപടികൾ പൂർത്തി യായിവരുന്നു. മേൽ സാഹചര്യത്തിൽ ഈ കണക്ക് ശീർഷകത്തിൽ അധിക തുക യൊന്നുംതന്നെ വകയിരുത്തിയില്ല.

ശുപാർശ നമ്പർ 36

5051-80-800-66—തങ്കശ്ശേരി കാർഗോ തുറമുഖം

വിഹിതം : 40 ലക്ഷം രൂപ

തങ്കശ്ശേരി തുറമുഖത്ത് ഡ്രഡ്ജിംഗിനും ഓഫീസ്, ഗോഡൗൺ എന്നിവയുടെ മരാമത്ത് പണികൾക്കും ടഗ്ഗുകൾ, ബാർജുകൾ എന്നിവയുടെ നിർമ്മാണത്തിനും മറ്റു മായി 150 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 40 ലക്ഷം രൂപ മാത്രമാണ് ഈ സാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്നത്. ഈ തുക തീരെ കുറവായതിനാൽ 110 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2008-09 സാമ്പത്തിക വർഷത്തിൽ പദ്ധതികൾ പൂർത്തിയാകാത്തതിനാൽ പ്രതീക്ഷിച്ചതുപോലെ ചെലവുകൾ ഉണ്ടായില്ല. ബാർജുകളുടെയും മറ്റും റിപ്പയറുകൾ നടന്നുവരുന്നു. ആയതിനാൽ അധിക തുകയ്ക്കുള്ള ശുപാർശകൾ സമർപ്പിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ അധിക തുകയൊന്നും തന്നെ ഈ കണക്ക് ശീർഷകത്തിൽ വകയിരുത്തിയില്ല.

<u>ശുപാർശ നമ്പർ 37</u>

3051-02-103-96—<u>മൺസൂണിന് മുമ്പും പിമ്പും ഉള്ള മണ്ണുമാന്തലിന്റെ നിരീക്ഷണം</u>

കേരളത്തിലെ വിവിധ ചെറുകിട-ഇടത്തരം തുറമുഖങ്ങളിൽ മൺസൂണിന് മുമ്പും പിമ്പും ഉള്ള മണ്ണുമാന്തലിനും സർവ്വേകൾക്കുമായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന 4 ലക്ഷം രൂപ തീരെ കുറവാണെന്നും ആയതിനാൽ 6 ലക്ഷം രൂപകൂടി അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2007-08 സാമ്പത്തിക വർഷത്തിൽ പ്രസ്തുത കണക്കിനത്തിൽ ബഡ്ജറ്റ് വിഹിതത്തിന് പുറമെ അധിക തുകയൊന്നും വകയിരുത്തിയില്ല.

<u>ശുപാർശ നമ്പർ 38</u>

5051-80-800-91—<u>ഇലക്ട്രോണിക് സർവ്വേ ഉപകരണങ്ങൾ വാങ്ങുന്നത്</u>

ഹൈഡ്രോഗ്രാഫിക് സർവ്വേക്കാവശ്യമായ ഡിജിറ്റൽ ഉപകരണങ്ങൾ, സോഫ്റ്റ്വെയർ എന്നിവ വാങ്ങുന്നതിന് ബജ്ഡറ്റിൽ 30 ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളു. ആയതിലേക്ക് അത്യാവശ്യം വേണ്ടുന്ന ഈ ഉപകരണങ്ങൾ വാങ്ങുന്നതിന് 30 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2007-08 സാമ്പത്തിക വർഷത്തിൽ പ്രസ്തുത കണക്കിനത്തിൽ ബഡ്ജറ്റ് വിഹിതത്തിന് പുറമെ അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

<u>ശുപാർശ നമ്പർ 39</u>

5051-80-800-86—<u>പഴയ നിരീക്ഷണ കപ്പലുകൾക്ക് പകരം പുതിയവ വാങ്ങുന്നതിന്</u>

ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗത്തിന്റെകീഴിലുള്ള പഴയ നിരീക്ഷണ കപ്പലുകൾക്ക് പകരം പുതിയവ വാങ്ങുന്നതിനും നിലവിലുള്ള നിരീക്ഷണ കപ്പലുകളുടെ ആധുനികവൽക്കരണത്തിനും ഇപ്പോൾ ബഡ്ജറ്റിൽ 8 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. പുതിയ നിരീക്ഷണ കപ്പലിന്റെ പണി ഈ മാസംതന്നെ പൂർത്തിയാക്കി ലഭിക്കുമ്പോൾ 17.37 ലക്ഷം രൂപ ബാക്കി നൽകേണ്ടതുണ്ട്. ഇതുൾപ്പെടെയുള്ള ചെലവുകൾ വഹിക്കുന്നതിലേക്കായി 32 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2007-08 പ്രസ്തുത കണക്കിനത്തിൽ പുനഃക്രമീകരണത്തിലൂടെ 6.48 ലക്ഷം രൂപ അനുവദിച്ചു.

ശുപാർശ നമ്പർ 40

5051-80-800-75—നിരീക്ഷണ കപ്പലുകളുടെ നവീകരണം

ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗത്തിന്റെകീഴിലുള്ള ആധുനികവൽക്കരണം പൂർത്തിയാക്കിയ നിരീക്ഷണ കപ്പലുകളുടെ ചെലവിനത്തിൽ ബാക്കി നൽകുവാനുള്ള തുകയ്ക്കും മറ്റ് നിരീക്ഷണ കപ്പലുകളുടെ നവീകരണത്തിനുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന 7 ലക്ഷം രൂപ അപര്യാപ്തമാണ്. ആയതിനാൽ 18 ലക്ഷം രൂപ കൂടി അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2007-08 സാമ്പത്തിക വർഷത്തിൽ അധിക തുക ആവശ്യമായിവന്നില്ല. ബഡ്ജറ്റ് വിഹിതത്തിന് പുറമെ അധിക തുകയൊന്നും 2007-08-ൽ അനുവദിച്ചിട്ടില്ല.

മേൽ ശീർഷകങ്ങളിൽ തുടർന്നുള്ള സാമ്പത്തിക വർഷ (2008-09)ത്തിൽ അധിക തുക വകയിരുത്താൻ കഴിയുമോ എന്ന് ധനകാര്യ വകുപ്പിനോട് ആരാഞ്ഞിരുന്നു. എന്നാൽ വിഭവലഭ്യതയുടെ അഭാവത്തിൽ അധിക തുക വകയിരുത്താൻ സാധിക്കുകയില്ലെന്ന് ധനകാര്യ വകുപ്പ് അറിയിക്കുകയുണ്ടായി.

ശുപാർശ നമ്പർ 41

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തുറമുഖ വകുപ്പ് എന്നിവയുടെകീഴിലുള്ള കെട്ടിടങ്ങൾ, സംഭരണശാലകൾ, വിളക്കുമരങ്ങൾ എന്നിവയുടെ വാർഷിക അറ്റകുറ്റ പണികൾക്കായി അനുവദിച്ച 35 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 15 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക ആവശ്യമായി വരാത്തതിനാൽ 2008-09-ലെ സാമ്പത്തിക വർഷം അനുവദിച്ചില്ല.

ശുപാർശ നമ്പർ 42

നിലവിലുള്ള തുറമുഖങ്ങളുടെ വികസനത്തിനുള്ള മാതൃകാപഠനങ്ങളും പരീക്ഷണ ങ്ങളും നടത്തുന്നതിനും പുതിയ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്ത നങ്ങൾക്കാവശ്യമായ അന്വേഷണ ഗവേഷണ പഠനം, പദ്ധതികളുമായി ബന്ധപ്പെട്ട പാരിസ്ഥിതിക മാറ്റങ്ങളെക്കുറിച്ചുള്ള പഠനം, പദ്ധതി രൂപരേഖ തയ്യാറാക്കൽ എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്ന 15 ലക്ഷം രൂപ തീരെ കുറവാണെന്നും ആയത് 25 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക ആവശ്യമായി വരാത്തതിനാൽ 2008-09-ലെ സാമ്പത്തിക വർഷം അനുവദിച്ചില്ല.

ശുപാർശ നമ്പർ 43

ബേപ്പൂർ തുറമുഖത്തിന്റെ വികസനത്തിനായി 200 മീറ്റർ നീളത്തിൽ കാർഗോ ഹാർബർ നിർമ്മാണം, ടെർമിനൽ നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ എന്നിവയ്ക്കായി 200 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 10 ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ഈ ആവശ്യത്തിനായി 10 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഭൂമി ഏറ്റെടുക്കൽ തുറമുഖ വകുപ്പ് നേരിട്ട് ചെയ്തുവരുന്നു.

ബേപ്പൂർ കാർഗോ ഹാർബർ വികസനത്തിനായി 2 ലക്ഷം രൂപ കൂടി അധികമായി റീ-അപ്രോപ്രിയേഷനിലൂടെ 2008-09 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 44

അഴീക്കൽ തുറമുഖ വികസനവുമായി ബന്ധപ്പെട്ട് ബ്രേക്ക് വാട്ടർ, കാർഗോ ബർത്ത് നിർമ്മാണം, അപ്രോച്ച് റോഡ്, മറ്റ് പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കൽ എന്നിവയ്ക്കായി അനുവദിച്ച 280 ലക്ഷം രൂപ അപര്യാപ്തമാണ്. പ്രസ്തുത പദ്ധതി അവാർഡ് ചെയ്ത് പണി ആരംഭിച്ചു കഴിഞ്ഞതിനാൽ പ്രസ്തുത ശീർഷകത്തിൽ 520 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ഹെഡ്ഡിനുകീഴിൽ റീ-അപ്രോപ്രിയേഷൻ മുഖേന 54,13,000 രൂപകൂടി 2008-09 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 45

കേരള തീരത്തെ നിലവിലുള്ള കടൽപ്പാലങ്ങളുടെ അറ്റകുറ്റപ്പണികൾക്കും മറ്റ് അടിസ്ഥാന സൗകര്യവികസനങ്ങൾക്കുമായി 100 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 15 ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റിൽ ഇതിനായി വകയിരുത്തിയിരിക്കുന്നത്. പ്രസ്തുത തുക തീരെ അപര്യാപ്തമാണെന്നും ആയതിനാൽ 40 ലക്ഷം രൂപ കൂടി യുക്തമായ മാർഗ്ഗത്തിലൂടെ ഈ ശീർഷകത്തിൽ വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ഹെഡ്ഡിനുകീഴിൽ റീ-അപ്രോപ്രിയേഷൻമുഖേന 25 ലക്ഷം രൂപകൂടി 2008-09 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 46

5051-80-800-84—വിഴിഞ്ഞം കാർഗോ തുറമുഖം

വിഹിതം : 5 ലക്ഷം രൂപ

വിഴിഞ്ഞം തുറമുഖത്ത് വലിയ ഉരുക്കൾ അടുക്കുന്നതിന് നിലവിലുള്ള സൗകര്യങ്ങൾ അപര്യാപ്തമാണ്. അതിനായി 80 മീറ്റർ നീളത്തിൽ എല്ലാ ടെർമിനൽ സൗകര്യങ്ങളോടുകൂടിയ ഒരു ബർത്ത് നിർമ്മിക്കുന്നതിനായി 100 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും കേവലം 5 ലക്ഷം രൂപ മാത്രമാണ് ഇക്കാര്യത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ടി തുക തീരെ അപര്യാപ്തമായതിനാൽ ബാക്കി തുകയായ 95 ലക്ഷം രൂപകൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഴിഞ്ഞം കാർഗോ വാർഫിന്റെ നീളം കൂട്ടുന്ന പ്രവൃത്തി 'റ്റീപ്' (TEAP) സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനാൽ 2008-09 വർഷം പ്രസ്തുത ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നില്ല. ഈ സാഹചര്യത്തിൽ ഈ കണക്ക് ശീർഷകത്തിൽ അധിക തുകയൊന്നും തന്നെ വകയിരുത്തിയില്ല.

ശുപാർശ നമ്പർ 47

5051-80-800-79—ആലപ്പുഴ തുറമുഖ വികസനം

വിഹിതം : 1 ലക്ഷം രൂപ

ടൂറിസത്തിന് അനന്തസാധ്യതകളുള്ള ആലപ്പുഴയിൽ, നിലവിലുള്ള കടൽപ്പാലങ്ങളെ സാംസ്കാരിക പൈതൃകത്തിന്റെ സ്മാരകങ്ങളായി തനത് ശൈലിയിൽ നിലനിർത്തുന്നതിന് അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കേണ്ടത് അനിവാര്യമാണ്. കൂടാതെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന മെരീനാ പോർട്ടിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത് കേവലം ഒരു ലക്ഷം രൂപയാണ്. ഈ തുക തുലോം കുറവാണ്. ആയതിനാൽ, സുനാമി ഫണ്ടിൽ നിന്നും 4 കോടി രൂപ ഇതിലേക്കായി കണ്ടെത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഇലക്ഷൻ പെരുമാറ്റ ചട്ടം നിലവിലിരുന്നതിനാൽ ചില പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാൻ കഴിഞ്ഞില്ല. ആയതിനാൽ, പ്രസ്തുത ശീർഷകത്തിൽ അധിക തുക ആവശ്യമായിവന്നില്ല.

ശുപാർശ നമ്പർ 48

5051-80-800-77—തങ്കശ്ശേരി കാർഗോ ബർത്ത്

വിഹിതം : 70 ലക്ഷം രൂപ

തങ്കശ്ശേരി കാർഗോ ഹാർബർ പ്രവർത്തനക്ഷമമായതിനാൽ ഇതിനോടനുബന്ധിച്ച് കസ്റ്റംസ് ഓഫീസ്, സംഭരണശാല തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ

ഒരുക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച 70 ലക്ഷം രൂപ തീരെ കുറവാണ്. ആയതിനാൽ 50 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

5051-80-800-77 ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നില്ല. ആയതിനാൽ പ്രൊപ്പോസൽ സമർപ്പിച്ചില്ല. ഈ ശീർഷകത്തിൽ 2010-11-ൽ തുറമുഖ വികസനം രണ്ടാംഘട്ടത്തിനായി 5.00 കോടി രൂപ വകയിരുത്തുകയും ഭരണാനുമതി നൽകിക്കഴിയുകയും ചെയ്തിട്ടുണ്ട്.

<u>ശുപാർശ നമ്പർ 49</u>

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിനും, കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും വകുപ്പിലെ ഉദ്യോഗസ്ഥർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനും ഇപ്പോൾ ബഡ്ജറ്റിൽ അനുവദിച്ച തുകയ്ക്ക് പുറമെ 7 ലക്ഷം രൂപ കൂടി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ അധിക തുക ആവശ്യമായി വരാത്തതിനാൽ അനുവദിച്ചില്ല.

<u>ശുപാർശ നമ്പർ 50</u>

5051-80-800-72—<u>ഇരവിപുരം-പരവൂർ തീരദേശ റോഡ്</u>

വിഹിതം : 5 ലക്ഷം രൂപ

തങ്കശ്ശേരി തുറമുഖത്തെ മറ്റ് സ്ഥലങ്ങളുമായി ബന്ധിപ്പിക്കുന്ന ഇരവിപുരം-പരവൂർ റോഡിന്റെ പുനരുദ്ധാരണത്തിനും വികസനത്തിനും ബഡ്ജറ്റിൽ അനുവദിച്ച 5 ലക്ഷം രൂപ വളരെ പരിമിതമാണ്. ആയതിനാൽ ഈ തുകയ്ക്ക് പുറമെ 30 ലക്ഷം രൂപ കൂടി ഈ വർഷം അധികമായി അനുവദിക്കണണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ അനുവദിക്കപ്പെട്ട തുക ചെലവാക്കി തങ്കശ്ശേരി തുറമുഖത്തെ മറ്റ് സ്ഥലങ്ങളുമായി ബന്ധിപ്പിക്കുന്ന ഇരവിപുരം-പരവൂർ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചതിനാൽ അധിക തുക ആവശ്യമായി വന്നില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടി വന്നില്ല.

<u>ശുപാർശ നമ്പർ 51</u>

വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഡ്രഡ്ജർ 'മീന കേരള' ഉപയോഗശൂന്യമായതും പകരം പുതിയ ഡ്രഡ്ജർ വാങ്ങുന്നതിന് 25-30 കോടിയോളം രൂപയുടെ മൂലധന ചെലവ് വരുമെന്നും ഉദ്യോഗസ്ഥർ സമിതിയിൽ ബോധിപ്പിച്ചു. ആയതിനാൽ പുതിയ ഡ്രഡ്ജർ വാങ്ങുന്നതിന് ആവശ്യമായ നടപടി ഉടൻ ആരംഭിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

തുറമുഖ വകുപ്പ് കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന് കൈമാറിയ 'മീന കേരള' എന്ന ഡ്രഡ്ജർ ഉപയോഗശൂന്യമായതിനാൽ ആയത് ലേലം ചെയ്ത് ശ്രീ. കെ. എം. ജലാൽ, (കണ്ണൻ ചാക്കശ്ശേരിൽ വീട്, നോർത്ത് പറവൂർ) എന്നയാൾക്ക് 63,33,333 രൂപയ്ക്ക് (അറുപത്തിമൂന്ന് ലക്ഷത്തി മുപ്പത്തിമൂന്നായിരത്തി മുന്നൂറ്റി മുപ്പത്തിമൂന്ന് രൂപ മാത്രം) വിൽപ്പന നടത്തി, ടി തുക കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ വരവ് വയ്ക്കുകയും ചെയ്തിട്ടുണ്ട്.

തുറമുഖ വകുപ്പിന് ASIDE സ്കീമിൽ ഉൾപ്പെടുത്തി പുതിയൊരു ഡ്രഡ്ജർ വാങ്ങുന്നതിനായി ഏകദേശം 3.5 കോടി രൂപ അടങ്കൽ തുക വരുന്ന ഒരു പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

## 2009–10-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാമത് റിപ്പോർട്ട്

ശുപാർശ നമ്പർ 9

2041-00-001-99-04—യാത്രാചെലവുകൾ

മോട്ടോർ വാഹന വകുപ്പിന്റെ കമ്പ്യൂട്ടറൈസേഷൻ, നവീകരണ പ്രവർത്തനങ്ങൾ എന്നിവയുടെ ഭാഗമായി ഉദ്യോഗസ്ഥർക്ക് അന്യ സംസ്ഥാനങ്ങളിൽ പരിശീലനം ലഭ്യമാക്കുന്നതിന് മേഖല ഓഫീസുകളിലേയും ആസ്ഥാന ഓഫീസിലേയും പരിശോധന വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തിനും കൂടാതെ വകുപ്പിലെ യാത്രാചെലവുകൾക്കും 2009–10 വർഷത്തേക്ക് വകയിരുത്തിയിട്ടുള്ള 7.84 ലക്ഷം രൂപ അപര്യാപ്തമാകയാൽ വകുപ്പിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് ഈ ശീർഷക ത്തിലെ തുക 13 ലക്ഷം രൂപയാക്കി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്ത അധിക തുക ലഭിച്ചിട്ടില്ല. പ്രസ്തുത ശീർഷകത്തിൽ നടപ്പു സാമ്പത്തികവർഷം (2010–11) 8.78 ലക്ഷം രൂപ മാത്രമേ ബഡ്ജറ്റ് വിഹിതമായി ലഭിച്ചിട്ടുള്ളൂ.

ശുപാർശ നമ്പർ 10

2041-00-001-99-05—ഓഫീസ് ചെലവുകൾ

വൈദ്യുത ബോർഡ് മോട്ടോർ വാഹന വകുപ്പിനെ ഉയർന്ന താരിഫ് സ്ലാബിൽ ഉൾപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ വൈദ്യുത ചെലവ് ഇനത്തിൽ വകയിരുത്തിയിട്ടുള്ള 34 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ ഈ ശീർഷകത്തിലെ തുക 50 ലക്ഷം രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലെ വൈദ്യുതിയിനത്തിൽ ഉള്ള ചെലവ് മോട്ടോർ വാഹന വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം (FAST PROJECT) നടപ്പാക്കുന്നതിന്റെ ഭാഗമായി വകുപ്പിൽ നിന്ന് നൽകുന്ന സേവനങ്ങൾക്ക് പൊതുജനങ്ങളിൽ നിന്ന് സ്വീകരിക്കുന്ന സർവ്വീസ് ചാർജിനത്തിൽ നിന്നും ലഭിക്കുന്ന തുകയിൽ നിന്നാണ് ഉപയോഗിച്ചുവരുന്നത്. അതിനാൽ സമിതിയുടെ ശുപാർശയനുസരിച്ചുള്ള അധിക തുക ആവശ്യമായി വരുന്നില്ല. നടപ്പു സാമ്പത്തികവർഷം (2010–11) വൈദ്യുതി ചെലവിനത്തിനായി 40 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി ലഭിച്ചിട്ടുണ്ട്. ചെലവ് അത്രയും തന്നെ പ്രതീക്ഷിക്കുന്നില്ല.

<u>ശുപാർശ നമ്പർ 11</u>

2041-00-102-99-06—<u>വാടക, കരം, നികുതി</u>

മോട്ടോർ വാഹന വകുപ്പിന്റെ 38 സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളും 13 മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 18 ലക്ഷം രൂപയ്ക്ക് പുറമെ 12 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നടപ്പു സാമ്പത്തികവർഷം (2010–11) ബഡ്ജറ്റ് വിഹിതമായി പ്രസ്തുത ശീർഷകത്തിൽ 23 ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുണ്ടായിരുന്നുള്ളൂ. കൂടാതെ അധികരിച്ച ചെലവ് നിർവഹിക്കുന്നതിനുവേണ്ടി 5 ലക്ഷം രൂപ റീ അപ്രോപ്രിയേഷനിലൂടെ ലഭിച്ചിട്ടുണ്ട്.

<u>ശുപാർശ നമ്പർ 12</u>

2041-00-102-99-21-2—<u>സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

മോട്ടോർ വാഹന വകുപ്പിലെ എല്ലാ മോട്ടോർ വാഹനങ്ങളുടെയും സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി വകയിരുത്തിയിട്ടുള്ള 7.52 ലക്ഷം രൂപ തുലോം കുറവാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. വകുപ്പിന് 41 വാഹനങ്ങൾ പുതുതായി വാങ്ങുന്നതിന് അനുമതി ലഭിച്ച സാഹചര്യത്തിൽ ഈ ശീർഷകത്തിലെ തുക 20 ലക്ഷം രൂപയാക്കി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സമിതി ശുപാർശ ചെയ്ത അധിക തുകയായ 20 ലക്ഷം ലഭിച്ചിട്ടില്ല. നടപ്പുസാമ്പത്തിക വർഷം (2010–11) പ്രസ്തുത ശീർഷകത്തിൽ 8.42 ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റ് വിഹിതമായി ലഭിച്ചിട്ടുള്ളത്. കൂടാതെ അധികമായി ഒരു ലക്ഷം രൂപ റീ അപ്രോപ്രിയേഷൻ മുഖേനയും ലഭിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 13

2041-00-102-99-45—പി.ഒ.എൽ.

മോട്ടോർ വാഹന വകുപ്പിലെ വാഹനങ്ങളുടെ ഇന്ധന ചെലവിന് വകയിരുത്തിയിട്ടുള്ള 24.84 ലക്ഷം രൂപ പുതുതായി 50 വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി ലഭിച്ച പശ്ചാത്തലത്തിലും മൂന്ന് ട്രാഫിക് ഇന്റർസെപ്റ്റർ വാഹനങ്ങൾ വാങ്ങിയത് പരിഗണിച്ചും കെ.എസ്.ആർ.ടി.സി.ക്ക് ഇന്ധനം വാങ്ങിയ വകയിൽ 30 ലക്ഷത്തോളം രൂപ കുടിശ്ശികയായിട്ടുള്ളതിനാലും ഈ വർഷം വകയിരുത്തിയിട്ടുള്ളത് തികച്ചും അപര്യാപ്തമായി സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിലെ തുക 40 ലക്ഷം രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നടപ്പു സാമ്പത്തികവർഷം പ്രസ്തുത ശീർഷകത്തിൽ 33 ലക്ഷം രൂപ മാത്രമേ ബഡ്ജറ്റ് വിഹിതമായി ലഭിച്ചിട്ടുള്ളൂ. രണ്ട് ലക്ഷം രൂപ റീ അപ്രോപ്രിയേഷനിലൂടെ അധികമായി ലഭിച്ചിട്ടുണ്ട്.

പൊതുശുപാർശ നമ്പർ 1

മോട്ടോർ വാഹന സെസ് ഇനത്തിൽ പൊതുജനങ്ങളിൽ നിന്നും ഈടാക്കുന്ന തുകയും കോമ്പൗണ്ടിംഗ് ഫീസിനത്തിൽ ഈടാക്കുന്ന തുകയുടെ നിശ്ചിത ശതമാനവുമാണ് റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനമൂലധനമെന്നതിനാൽ മോട്ടോർ വാഹന സെസ് ഇനത്തിൽ പൊതുജനങ്ങളിൽ നിന്നും ഈടാക്കുന്ന തുക റോഡ് സുരക്ഷാ അതോറിറ്റിക്ക് നേരിട്ട് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സെസ്സ് തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ഒരു പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ടി തുക നേരിട്ട് അതോറിറ്റിക്ക് ലഭ്യമല്ല. ബഡ്ജറ്റ് മുഖേനയാണ് ഫണ്ട് ലഭിക്കുന്നത്.

പൊതുശുപാർശ നമ്പർ 2

സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ഇല്ലാത്ത എല്ലാ താലൂക്കുകളിലും അവ ആരംഭിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കുന്നത്തൂർ, റാന്നി, അങ്കമാലി, ചാലക്കുടി, തിരൂരങ്ങാടി എന്നിവിടങ്ങളിൽ പുതുതായി സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ തുടങ്ങുവാനുള്ള സർക്കാർ തീരുമാനം ജി.ഒ. (എംഎസ്.) 83/2010/ട്രാൻ. തീയതി 13-12-2010 പ്രകാരം ഉത്തരവായിട്ടുണ്ട്.

## തദ്ദേശസ്വയംഭരണവും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 2009-10-ലെ നാലാമത് റിപ്പോർട്ട്

### ശുപാർശ നമ്പർ 19

**തൊഴിലാളികളുടെ ക്ഷേമവും സുരക്ഷിതത്വവും വികസിപ്പിക്കൽ**

തുറമുഖ വകുപ്പിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സുരക്ഷിതത്വത്തിനും ക്ഷേമത്തിനും വേണ്ടി ഒരു ബോർഡ് രൂപീകരിക്കുന്നതിനും തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിനുമായി 10 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 5 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഈ തുക തീരെ കുറവായതിനാൽ 5 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2009-10 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നില്ല. ആയതിനാൽ ഈ കണക്ക് ശീർഷകത്തിൽ അധിക തുകയൊന്നും വകയിരുത്തിയില്ല.

### ശുപാർശ നമ്പർ 20

**മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കൽ**

മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി, 300 ലക്ഷം രൂപയാണ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ 275 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2009-10 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നില്ല. ആയതിനാൽ ഈ കണക്ക് ശീർഷകത്തിൽ അധിക തുകയൊന്നും വകയിരുത്തിയില്ല.

### ശുപാർശ നമ്പർ 21

**3051-80-800-98—വിഭവസമാഹരണത്തിനുവേണ്ടിയുള്ള സെമിനാർ**

കേരളത്തിലെ തുറമുഖ വികസനത്തിന് സ്വകാര്യ നിക്ഷേപകരിൽ നിന്നും നിക്ഷേപം സമാഹരിക്കുന്നതിനായി സെമിനാറുകളും മറ്റും സംഘടിപ്പിക്കുന്നതിനായി 50 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും, ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. വിഭവസമാഹരണത്തിന് സെമിനാറുകളും മറ്റും സംഘടിപ്പിക്കേണ്ടത് അത്യാവശ്യമായതിനാൽ ഈ ശീർഷകത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2009-10 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ തുക ആവശ്യമായി വന്നില്ല. ആയതിനാൽ ഈ കണക്ക് ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയില്ല.

ശുപാർശ നമ്പർ 22

മാരിടൈം ബോർഡ് രൂപീകരിക്കൽ

തുറമുഖ വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുതലായവ സമുദ്രമേഖലയിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും, ഏകോപിപ്പിക്കുന്നതിനുമുള്ള ഒരു സംവിധാനമാണ്, കേരള മാരിടൈം ബോർഡ്. സംസ്ഥാനത്ത് സമുദ്രമേഖലയിലുള്ള മൊത്തം പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഈ സംരംഭത്തിലേക്ക് 25 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 5 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിരിക്കുന്നത്. ഈ തുക തീരെ അപര്യാപ്തമായതിനാൽ ബാക്കി തുകയായ 20 ലക്ഷം രൂപ കൂടി അനുവദിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2009-10 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നില്ല. ആയതിനാൽ ഈ കണക്ക് ശീർഷകത്തിൽ അധിക തുകയൊന്നും വകയിരുത്തിയില്ല.

ശുപാർശ നമ്പർ 23

5051-02-200-96—ചെറുകിട തുറമുഖങ്ങളിൽ ഡ്രഡ്ജിംഗ്—തുറമുഖ വകുപ്പ്

തുറമുഖങ്ങളിൽ ഇടത്തരം കപ്പലുകൾ വന്നടുക്കുന്നതിലേക്കായി വാർഫുകളിലും ചാനലുകളിലും ആഴം വർദ്ധിപ്പിക്കുന്നതിന് പദ്ധതിയിനത്തിൽ 400 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 101 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ 299 ലക്ഷം രൂപ കൂടി പ്രസ്തുത ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2009-10 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നില്ല. ആയതിനാൽ ഈ കണക്ക് ശീർഷകത്തിൽ അധിക തുകയൊന്നും വകയിരുത്തിയില്ല.

ശുപാർശ നമ്പർ 24

മാരിടൈം ഡവലപ്മെന്റ് കോർപ്പറേഷനുള്ള മൂലധനവിഹിതം

കേരള സ്റ്റേറ്റ് മാരിടൈം ഡവലപ്മെന്റ് കോർപ്പറേഷന് ഓഹരി വിഹിതമായി തുക അനുവദിക്കുന്നതിനുവേണ്ടിയുള്ള ഈ പദ്ധതിക്ക് 804 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 10 ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ആയതിനാൽ 794 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2009-10 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നില്ല. ആയതിനാൽ ഈ കണക്ക് ശീർഷകത്തിൽ അധിക തുകയൊന്നും തന്നെ വകയിരുത്തിയില്ല.

ശുപാർശ നമ്പർ 25

5051-80-800-98—പണിശാല/സംഭരണശാല സ്ഥാപിക്കൽ

വിവിധ വർക്ക്ഷോപ്പുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയാണിത്. നീണ്ടകരയിൽ സ്ളീപ്പ്‌വേ സ്ഥാപിക്കുന്നതിനും മറ്റുമായി 25 ലക്ഷം രൂപയാണ് ആവശ്യപ്പെട്ടിരിക്കുന്നത്. അനുവദിച്ചിരിക്കുന്ന 20 ലക്ഷം രൂപ മേൽപ്പറഞ്ഞ ആവശ്യങ്ങൾക്ക് മതിയാവുകയില്ല. ആയതിനാൽ ബാക്കി തുകയായ 5 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2009-10 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നില്ല. ആയതിനാൽ ഈ കണക്ക് ശീർഷകത്തിൽ അധിക തുകയൊന്നും വകയിരുത്തിയില്ല.

ശുപാർശ നമ്പർ 26

5051-80-800-97—തുറമുഖങ്ങൾ, ഡ്രഡ്ജിംഗ് യൂണിറ്റ് എന്നിവയ്ക്കുള്ള ചില സപ്ലിമെന്ററി ഉപകരണങ്ങൾ വാങ്ങൽ

വിവിധ തുറമുഖങ്ങളിൽ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതു ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി 1300 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 50 ലക്ഷം മാത്രമേ അനുവദിച്ചിട്ടുള്ളൂ.

ആയതിനാൽ ബാക്കി തുകയായ 1250 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2009-10 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നില്ല. ആയതിനാൽ ഈ കണക്ക് ശീർഷകത്തിൽ അധിക തുകയൊന്നും വകയിരുത്തിയില്ല.

ശുപാർശ നമ്പർ 27

യന്ത്രോപകരണങ്ങളുടേയും ഫ്ളോട്ടിംഗ് ക്രാഫ്റ്റുകളുടേയും പ്രധാന അറ്റകുറ്റപ്പണികൾക്കും പുതിയ ഉപകരണങ്ങൾക്കും

ജലവാഹനങ്ങളുടേയും ക്രെയിനുകളുടേയും വാർഷിക അറ്റകുറ്റപ്പണികളും പരിപാലനവും നടത്തുന്നതിനാണ് ഈ പദ്ധതി. പ്രസ്തുത ശീർഷകത്തിൽ 75 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 70 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ബാക്കി തുകയായ 5 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2009-10 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ അധികതുക ആവശ്യമായി വന്നില്ല. ആയതിനാൽ ഈ കണക്ക് ശീർഷകത്തിൽ അധിക തുകയൊന്നും തന്നെ വകയിരുത്തിയില്ല.

ശുപാർശ നമ്പർ 28

തുറമുഖങ്ങളുടെ വികസനം

വിഴിഞ്ഞം, അഴീക്കൽ മുതലായ തുറമുഖങ്ങളുടെ വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിയാണിത്. തുറമുഖത്തിന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തൽ, നിലവിലുള്ള വാർഫുകളുടെ അറ്റകുറ്റപ്പണി നടത്തൽ, തുറമുഖങ്ങളിൽ ISPS കോഡ് പ്രകാരം സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തൽ തുടങ്ങിയവയ്ക്കുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 175 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നു. എന്നാൽ 15 ലക്ഷം രൂപ മാത്രമേ വകകൊള്ളിച്ചിട്ടുള്ളൂ. പ്രസ്തുത തുക തീരെ കുറവായതിനാൽ ബാക്കി തുകയായ 160 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2009-10 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നില്ല. ആയതിനാൽ ഈ കണക്ക് ശീർഷകത്തിൽ അധിക തുകയൊന്നും തന്നെ വകയിരുത്തിയില്ല.

ശുപാർശ നമ്പർ 29

തെരഞ്ഞെടുത്ത തുറമുഖങ്ങളിൽ റോഡ്/റെയിൽ ബന്ധം സ്ഥാപിക്കുന്നതിന് സ്ഥലം ഏറ്റെടുക്കൽ

അഴീക്കൽ, ബേപ്പൂർ, വിഴിഞ്ഞം തുറമുഖങ്ങളിലേയും മറ്റു തുറമുഖങ്ങളിലേയും റെയിൽ/റോഡ് വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച 7 ലക്ഷം രൂപ തുലോം കുറവാണ്. ആയതിനാൽ ഈ ശീർഷകത്തിൽ ആവശ്യപ്പെട്ട 380 ലക്ഷം രൂപയുടെ ബാക്കിയായ 373 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2009-10 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നില്ല. ആയതിനാൽ ഈ കണക്ക് ശീർഷകത്തിൽ അധിക തുകയൊന്നും തന്നെ വകയിരുത്തിയില്ല.

ശുപാർശ നമ്പർ 30

വിഴിഞ്ഞം ആഴക്കടൽ വികസനം അന്താരാഷ്ട്ര കപ്പൽ ഗതാഗത ടെർമിനൽ

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവുമായി ബന്ധപ്പെട്ട അടിസ്ഥാനസൗകര്യ വികസനത്തിനുവേണ്ടി 33500 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 2500 ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ഇത് തുലോം കുറവായതിനാൽ 31000 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 2009-10 വർഷം അധികതുക ആവശ്യമായി വന്നില്ല. ആയതിനാൽ ഈ കണക്ക് ശീർഷകത്തിൽ അധിക തുകയൊന്നും തന്നെ വകയിരുത്തിയില്ല.

ശുപാർശ നമ്പർ 31

ബേപ്പൂർ തുറമുഖത്തെ പാസഞ്ചർ ടെർമിനൽ

200 ടൺ ഡി.ഡബ്ല്യു.റ്റി.യും 9 മീറ്റർ ഡ്രാഫ്റ്റും ഉള്ള കപ്പലുകൾ എല്ലാ കാലാവസ്ഥയിലും ഉൾക്കൊള്ളാൻ കഴിയുന്ന ഒരു തുറമുഖമായി ബേപ്പൂർ തുറമുഖം വികസിപ്പിക്കുന്നതിനുവേണ്ടി 50 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 45 ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ആയതിനാൽ 5 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

"5051-80-800-69 ബേപ്പൂർ തുറമുഖത്തെ പാസഞ്ചർ ടെർമിനൽ" എന്ന ശീർഷകത്തിൽ 2009-10 വർഷം അനുവദിച്ച 45 ലക്ഷം രൂപയ്ക്കുപുറമെ 40 ലക്ഷം രൂപ കൂടി ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത തുക അനുവദിച്ചുകിട്ടിയില്ല.

ശുപാർശ നമ്പർ 32

അഴീക്കൽ തുറമുഖം (സാന്റ് പ്യൂരിഫിക്കേഷൻ യൂണിറ്റ്)

അഴീക്കൽ തുറമുഖത്ത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന മണൽ ശുദ്ധീകരണ ശാലയ്ക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ, യന്ത്രസാമഗ്രികൾ വാങ്ങൽ എന്നിവയ്ക്കും കപ്പലുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പണിശാല ആരംഭിക്കുന്നതിനുമായി 600 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 300 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഇത് തുലോം കുറവായതിനാൽ ബാക്കി തുകയായ 300 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

"5051-80-800-69" അഴീക്കൽ തുറമുഖം എന്ന ശീർഷകത്തിൽ 2009-10 വർഷം അനുവദിച്ച 300 ലക്ഷം രൂപയ്ക്കു പുറമെ 800 ലക്ഷം രൂപ അനുവദിക്കുന്നതിനായി ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത തുക അനുവദിച്ചുകിട്ടിയില്ല.

ശുപാർശ നമ്പർ 33

വിഴിഞ്ഞം കാർഗോ തുറമുഖം

തുറമുഖ ബേസിനുള്ളിൽ ഡ്രെഡ്ജിംഗ് നടത്തുവാനും 600 HP ടഗ്ഗ് നിർമ്മിക്കുവാനുംവേണ്ടി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നു

വെങ്കിലും 17 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചത്. ഈ തുക തികച്ചും അപര്യാപ്ത മായതിനാൽ ബാക്കി തുകയായ 33 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദി ക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 2009-10 വർഷം അധികതുക ആവശ്യമായി വന്നില്ല. ആയതിനാൽ ഈ കണക്ക് ശീർഷകത്തിൽ അധിക തുകയൊന്നും തന്നെ വകയിരുത്തിയില്ല.

ശുപാർശ നമ്പർ 34

തങ്കശ്ശേരി കാർഗോ തുറമുഖം

തങ്കശ്ശേരി തുറമുഖത്ത് ഡ്രഡ്ജിംഗിനും ഓഫീസ് ഗോഡൗണുകൾ എന്നിവയുടെ മരാമത്ത് പണികൾക്കും, ടഗ്ഗുകൾ, ബാർജുകൾ എന്നിവയുടെ മരാമത്ത് പണികൾക്കും, ടഗ്ഗുകൾ, ബാർജുകൾ എന്നിവയുടെ നിർമ്മാണത്തിനും മറ്റുമായി 320 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 120 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഈ തുക ആവശ്യത്തിനു മതിയാവുകയില്ല. ആയതിനാൽ 200 ലക്ഷം രൂപ കൂടി ഈ ശീർഷക ത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

"5051-80-800-66 തങ്കശ്ശേരി കാർഗോ തുറമുഖം" എന്ന ശീർഷകത്തിൽ 2009-10 വർഷം അനുവദിച്ച 120 ലക്ഷം രൂപയ്ക്കുപുറമെ 243 ലക്ഷം രൂപ അധിക മായി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിച്ചുകിട്ടിയില്ല. 2010-2011 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ 7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ നമ്പർ 35

ആലപ്പുഴ തുറമുഖ വികസനം

ആലപ്പുഴ തുറമുഖത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി 60 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഈ സാമ്പത്തികവർഷം ബഡ്ജറ്റിൽ വക യിരുത്തിയിരിക്കുന്നത് 25 ലക്ഷം രൂപ മാത്രമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ ആവശ്യപ്പെട്ടിരുന്ന ബാക്കി തുകയായ 35 ലക്ഷം രൂപ കൂടി വകയിരുത്തുവാൻ സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 2009-10 വർഷം അധികതുക ആവശ്യമായി വന്നില്ല. ആയതിനാൽ ഈ കണക്ക് ശീർഷകത്തിൽ അധികതുകയൊന്നും തന്നെ വകയിരുത്തിയില്ല.

ശുപാർശ നമ്പർ 87

ഗതാഗതം

5055-00-800-96(പി)-വേഗത നിയന്ത്രിക്കുന്നതിനുള്ള വയർലെസ്സ് സെറ്റുകളും കൈ റഡാറുകളും ആർജ്ജിക്കൽ

കേരളത്തിൽ വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ ചെറുക്കുന്നതിനായി വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിനാവശ്യമായ റഡാറുകളും ഇന്റർസെപ്റ്ററുകളും വാങ്ങിക്കുന്നതിനും റഡാർ സർവ്വലൻസ് സംവിധാനം സ്ഥാപിക്കുന്നതിനും വകയിരുത്തിയിട്ടുള്ള 199 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. 10 ജില്ലകളിൽ റഡാർ സർവ്വലൻസ് സംവിധാനം സ്ഥാപിക്കുന്നതിന് ഒന്നിന് 100 ലക്ഷം രൂപ നിരക്കിൽ 10 കോടി രൂപയും റഡാറുകളുടെ അറ്റകുറ്റപ്പണികൾക്കായി 30 ലക്ഷം രൂപയും ഉചിതമാർഗ്ഗേണ കണ്ടെത്തി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വേഗത നിയന്ത്രിക്കുന്നതിനുള്ള പരിപാലന സംവിധാനങ്ങൾ

1. കൈ റഡാറുകൾ

റോഡ് അപകടങ്ങളുടെ ഒരു പ്രധാന കാരണം വാഹനങ്ങളുടെ അമിതവേഗതയാണ്. വേഗത നിയന്ത്രണത്തിനായി കൈ റഡാറുകൾ ആവശ്യമാണ്. (2009-10) സാമ്പത്തിക വർഷത്തിൽ 10 കൈ റഡാറുകൾ, 2 ഇന്റർസെപ്റ്ററുകൾ തുടങ്ങിയവ വാങ്ങിക്കുവാനും അഞ്ച് റഡാർ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുവാനുമായി 199 ലക്ഷം വകയിരുത്തിയിട്ടുണ്ട്.

(എ) സർക്കാർ അഞ്ച് റഡാറുകൾ വാങ്ങുവാനുള്ള ഭരണാനുമതി സ.ഉ.(സാധാ) നമ്പർ 280/2009/ഗതാഗതം തീയതി 31-7-2009 പ്രകാരം നൽകിയിട്ടുണ്ട്. ടി റഡാറുകൾ വാങ്ങുന്നതിനായി ദർഘാസുകൾ ക്ഷണിച്ചിട്ടുണ്ട്. ദർഘാസുകൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 30-10-2009 ആയിരുന്നു. ലഭിച്ച ദർഘാസുകൾ പരിശോധിച്ച് അനുയോജ്യമായ സ്ഥാപനത്തെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2 ഇന്റർസെപ്റ്ററുകൾ വാങ്ങുവാനുള്ള ഭരണാനുമതി സ.ഉ.(സാധാ) നമ്പർ 309/2009/ഗതാഗതം തീയതി 27-8-2009 പ്രകാരം നൽകിയിട്ടുണ്ട്. അതനുസരിച്ച് ദർഘാസുകൾ ക്ഷണിക്കുകയും ആയതിലേക്കായി 3 സ്ഥാപനങ്ങൾ ദർഘാസുകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി ദർഘാസുകൾ പരിശോധിക്കുന്നതിനായി ഒരു സാങ്കേതിക കമ്മിറ്റിയെ രൂപീകരിക്കുന്നതിനുവേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ ശുപാർശകൾക്കനുസരിച്ച് അനുയോജ്യമായ സ്ഥാപനത്തെ കണ്ടെത്തുന്നതാണ്.

(സി) കേരളത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ ജില്ലകളിൽ അഞ്ച് ജംഗ്ഷനുകളിൽ വീതം റഡാർ സർവ്വലൻസ് സംവിധാനം KSITM

മുഖാന്തിരം സ്ഥാപിക്കുന്നതിന് സ.ഉ. (സാധാ) നമ്പർ 393/2009/ഗതാഗതം തീയതി 10-11-2009 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

നടപ്പ് സാമ്പത്തികവർഷത്തിൽ (2010-11) 5055-00-800-96(പി) ശീർഷകത്തിൽ 150 ലക്ഷം രൂപയ്ക്ക് കൈ റഡാറുകളും ഇന്റർസെപ്റ്ററുകളും വാങ്ങുന്നതിനും റഡാർ സർവ്വലൻസ് സംവിധാനം സ്ഥാപിക്കുന്നതിനും വകയിരുത്തിയിട്ടുണ്ട്. ഇതിൽ 70 ലക്ഷം രൂപയ്ക്ക് 3 ഇന്റർസെപ്റ്ററുകൾ വാങ്ങുന്നതിന് തീരുമാനിക്കുകയും ജി.ഒ. (ആർടി.) നമ്പർ 311/2010/ട്രാൻ. തീയതി 31-7-2010 പ്രകാരം ഭരണാനുമതി നൽകുകയും ആയതിൻപ്രകാരം ദർഘാസ് ക്ഷണിക്കുകയും ചെയ്തു. എന്നാൽ ഒരു സ്ഥാപനം മാത്രം താത്പര്യം പ്രകടിപ്പിച്ചതിനാൽ പ്രസ്തുത ദർഘാസ് റദ്ദാക്കുകയും 14-1-2011 അവസാന തീയതിയായി പുനർദർഘാസ് ക്ഷണിക്കുകയും ചെയ്തു. രണ്ട് ദർഘാസുകൾ ലഭിക്കുകയുണ്ടായി. അവയുടെ സാങ്കേതിക പരിശോധന നടന്നുവരുന്നു. റഡാർ സർവ്വലൻസ് സംവിധാനം സ്ഥാപിക്കുന്നതിന് 80 ലക്ഷം രൂപ വിനിയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതി കേന്ദ്ര പദ്ധതിയായ "Automation of Enforcement Wing" മായി ചേർന്ന് നടത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി കേരള സ്റ്റേറ്റ് ഐ.റ്റി. മിഷന് ഫണ്ട് കൈമാറ്റം ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### ശുപാർശ നമ്പർ 89

5055-00-800-90—(പി)-ഇലക്ട്രോണിക് കാര്യനിർവ്വഹണത്തിന്റെ പ്രാരംഭം

വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി ജീവനക്കാർക്ക് പരിശീലനം, സോഫ്റ്റ്‌വെയർ പരിഷ്ക്കരണം, പൊതുജനങ്ങൾക്കുതകുന്ന ഇ-പേയ്മെന്റ് ഓൺലൈൻ അപേക്ഷ, വെബ് എനേബിൾഡ് സർവ്വീസസ് തുടങ്ങിയ സേവനങ്ങൾ നൽകൽ, പ്രോഗ്രാമർമാരുടെ നിയമനം എന്നിവ നടപ്പിലാക്കേണ്ട സാഹചര്യത്തിൽ ഈയിനങ്ങൾക്കായി വകയിരുത്തിയിട്ടുള്ള 50 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 70 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

വകുപ്പിലെ വിവിധ ഇ-ഗവേണൻസ് പരിപാടികൾ നടപ്പിലാക്കുന്നതിനായി 50 ലക്ഷം രൂപ (2009-10) സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. ടി പരിപാടികളുടെ വിവരണം ചുവടെ കൊടുക്കുന്നു :

(എ) വകുപ്പിന്റെ വിവിധ ഓഫീസുകളിലെ മിച്ചമുള്ള ബാക്ക് ലോഗ് എൻട്രി പൂർത്തിയാക്കാനുണ്ട്. ഇതിനുവേണ്ടി കുടുംബശ്രീ സ്ഥാപനവുമായിട്ടുള്ള എം.ഒ.യു. പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പൊതുജനങ്ങളുടെ സേവനങ്ങൾക്കുള്ള തുകയടയ്ക്കുവാൻ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കുന്നുണ്ട്.

(സി) വകുപ്പിലെ വിവിധ ശ്രേണിയിലുള്ള ഉദ്യോഗസ്ഥരെ കമ്പ്യൂട്ടർ സാക്ഷരതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുവാനായി ഒട്ടേറെ പരിശീലന പരിപാടികൾ

ആസൂത്രണം ചെയ്തിട്ടുണ്ട്. ആയതിന്റെ ഭാഗമായി കേരള സർക്കാർ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് മോട്ടോർ വാഹന ഇൻസ്പെക്ടർമാർക്ക് 3 ദിവസത്തെ ഒരു പരിശീലനപരിപാടി നടത്തുകയുണ്ടായി. ഇതിന് സമാനമായ മറ്റു പരിശീലന പരിപാടികൾ ഇനിയും നടപ്പിലാക്കുന്നതാണ്.

നടപ്പുസാമ്പത്തിക വർഷം (2010-11) വിവിധ ഇ-ഗവേണൻസ് പദ്ധതികൾക്കായി 50 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി ലഭിച്ചിട്ടുണ്ട്. ബാക്ക് ലോഗ് ഡാറ്റ എൻട്രി ചെയ്തവകയിൽ 3.49 ലക്ഷം രൂപ കുടുംബശ്രീക്ക് നൽകുകയുണ്ടായി. ബില്ലുകൾ നൽകുന്നമുറയ്ക്ക് ബാക്കി തുക നൽകുന്നതാണ്. വകുപ്പിലെ ഉദ്യോഗസ്ഥർക്കു പരിശീലനം നൽകുന്നതിനായി സി-ഡാക് സ്ഥാപനത്തെ സമീപിക്കുകയും വ്യവസ്ഥാപിതരീതിയിൽ പരിശീലനം നൽകുന്നതിനുവേണ്ട നടപടികൾ എടുത്തുവരുകയും ചെയ്യുന്നു.

ശുപാർശ നമ്പർ 90

5055-00-800-88—(പി)-ഡ്രൈവർമാരുടെ പരിശീലന കേന്ദ്രം സ്ഥാപിക്കൽ (70% കേന്ദ്രാവിഷ്കൃത പദ്ധതി)

70% കേന്ദ്ര സഹായത്തോടെ മലപ്പുറം ജില്ലയിലെ എടപ്പാളിൽ ഡ്രൈവർമാർക്കു വേണ്ടിയുളള ആധുനിക രീതിയിലുളള ഡ്രൈവിംഗ് പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുളള 40 ലക്ഷം രൂപ അപര്യാപ്തമാണ് എന്നതിനാൽ ഈ ശീർഷകത്തിലെ തുക 50 ലക്ഷമായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2009-10 സാമ്പത്തിക വർഷത്തിൽ പ്രസ്തുത കേന്ദ്രം സ്ഥാപിക്കുന്നതിനുളള സംസ്ഥാന വിഹിതമായി 40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ മിച്ചം തുക ലഭിച്ചതിനുശേഷം സർക്കാർ വിഹിതം അനുവദിക്കാമെന്ന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ മിച്ചം തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6-10-2009-ൽ കൂടിയ പരിശീലന കേന്ദ്രത്തിന്റെ എട്ടാമത്തെ (ഗവേർണിംഗ് ബോഡി) സി.പി.ഡബ്ല്യു.ഡി. സമർപ്പിച്ച പുതുക്കിയ പ്ലാൻ അംഗീകരിക്കുകയും മലപ്പുറം എടപ്പാളിലെ സ്ഥലം ഉടൻ അനുവദിക്കുവാൻ കെ.എസ്.ആർ.ടിസി.യോട് അഭ്യർത്ഥിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. നടപ്പു സാമ്പത്തികവർഷത്തിൽ (2010-11) 40 ലക്ഷം രൂപ സംസ്ഥാന വിഹിതമായി ലഭിച്ചിട്ടുണ്ട്. നിലം ഒരുക്കിയെടുക്കൽ പണികൾ അവസാനിച്ചാൽ ഉടൻതന്നെ സി.പി.ഡബ്ല്യു.ഡി. ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ മിച്ചം തുക ലഭിച്ചതിനുശേഷം സർക്കാർ വിഹിതം അനുവദിക്കാമെന്ന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ മിച്ചം തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശുപാർശ നമ്പർ 91

5055-00-800-87—(പി)-വാഹന പരിശോധന കേന്ദ്രങ്ങൾ സ്ഥാപിക്കൽ

ഈ സാമ്പത്തിക വർഷത്തിൽ ഒരു കമ്പ്യൂട്ടർവൽക്കൃത വാഹന പരിശോധനാ കേന്ദ്രം സ്ഥാപിക്കുന്നതിനായി 125 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വാഹന പരിശോധനാകേന്ദ്രത്തിൽ സ്ഥാപിക്കുവാനാവശ്യമായ ആധുനിക സാങ്കേതിക ഉപകരണങ്ങൾ വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിച്ചപ്പോൾ പദ്ധതി ടേൺ കീ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് 352 ലക്ഷം രൂപയാണ് ഏറ്റവും കുറഞ്ഞ തുകയായി ലഭിച്ചതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കെട്ടിടനിർമ്മാണത്തിലും ഉപകരണങ്ങൾ വാങ്ങുന്നതിനുമായി 245 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2009-10 സാമ്പത്തിക വർഷത്തിൽ ഒരു കമ്പ്യൂട്ടർവൽകൃത വാഹന പരിശോധന കേന്ദ്രം സ്ഥാപിക്കുവാനായി 125 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 31-12-2009-ലെ സർക്കാർ ഉത്തരവ് സ.ഉ.(സാ) നമ്പർ 449/2009/ഗതാഗതം പ്രകാരം ഒരു ലൈറ്റ് മോട്ടോർ വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനും ഒരു ഹെവി മോട്ടോർ വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനും കോഴിക്കോട് ചേവായൂരിൽ സ്ഥാപിക്കുന്നതിനും ഭരണാനുമതി നൽകിയിരുന്നുവെങ്കിലും മോട്ടോർ വാഹന വകുപ്പിന് അത് ആ സാമ്പത്തിക വർഷത്തിൽ സ്ഥാപിക്കുവാൻ സാധിച്ചില്ല.

നടപ്പുസാമ്പത്തിക വർഷം (2010-11) 225 ലക്ഷം രൂപ പ്രസ്തുത ശീർഷകത്തിൽ കമ്പ്യൂട്ടർവൽകൃത വാഹന പരിശോധനാകേന്ദ്രം കോഴിക്കോട് ജില്ലയിലെ ചേവായൂരിൽ സ്ഥാപിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. രണ്ട് വാഹന പരിശോധനാ കേന്ദ്രങ്ങൾ (കോഴിക്കോട്ടെ ചേവായൂരും കണ്ണൂരിലെ എളവായൂർ വില്ലേജിലും) സ്ഥാപിക്കുന്നതിന് ജി.ഒ.(ആർടി.) നമ്പർ 480/2010/ട്രാൻസ്. തീയതി 30-10-2010 പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. ഇതിൻപ്രകാരം ദർഘാസുകൾ ക്ഷണിക്കുന്നതിനായുള്ള നടപടികൾ നടന്നുവരുന്നു.

ശുപാർശ നമ്പർ 92

5055-00-800-85—(പി)-സ്ഥിരമായ ഡ്രൈവർ ടെസ്റ്റിംഗ് യാർഡ്

ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിനുള്ള അപാകതകൾ പരിഹരിക്കുന്നതിനായി കോഴിക്കോട് ചേവായൂരിൽ ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർവൽകൃത ടെസ്റ്റ് ട്രാക്കുകൾ സ്ഥാപിക്കുന്നതിനായി വകയിരുത്തിയിട്ടുള്ള 42 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ സ്ഥലത്തിന്റെ വിലയും ഉപകരണങ്ങളുടെ വിലയും ചേർത്ത് ഏകദേശം 125 ലക്ഷം രൂപ ഒരു ട്രാക്ക് സ്ഥാപിക്കുവാൻ വേണ്ടിവരുമെന്നതിനാൽ ഈ ശീർഷകത്തിൽ 83 ലക്ഷം രൂപ കൂടി ഉചിതമാർഗ്ഗേണ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2009-2010 സാമ്പത്തിക വർഷത്തിൽ ജില്ലാതലത്തിൽ ഡ്രൈവർ ടെസ്റ്റിംഗ് യാർഡുകൾ സ്ഥാപിക്കുന്നതിനായി 42 ലക്ഷം രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ വകുപ്പിന്റെ കൈവശമുള്ള സ്ഥലത്ത് ഒരു ഡ്രൈവർ ടെസ്റ്റിംഗ് യാർഡ് സ്ഥാപിക്കുന്നതിനുവേണ്ടി സർക്കാർ ഉത്തരവ് സ.ഉ.(സാ) നമ്പർ 392/2009/ഗതാഗതം തീയതി 10-11-2009 പ്രകാരം ഭരണാനുമതി നൽകിയിരുന്നുവെങ്കിലും മോട്ടോർ വാഹന വകുപ്പിന് അത് ആ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാൻ സാധിച്ചില്ല.

നടപ്പ് സാമ്പത്തികവർഷം (2010-11) 42 ലക്ഷം രൂപ പ്രസ്തുത ശീർഷകത്തിൽ ലഭിച്ചിട്ടുണ്ട്. ജി.ഒ. (ആർടി.) നമ്പർ 178/2010/ട്രാൻസ്. തീയതി 5-5-2010 പ്രകാരം ചേവായൂരിൽ ചുറ്റുമതിൽ കെട്ടുന്നതിനുള്ള ഭരണാനുമതി നൽകുകയും തുടർന്ന് സി.പി.ഡബ്ല്യു.ഡി.ക്ക് ചുറ്റുമതിൽ കെട്ടുന്നതിനുള്ള പണി ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ജി.ഒ. (ആർടി.) നമ്പർ 310/2010/ട്രാൻസ്. തീയതി 31-7-2010 പ്രകാരം കണ്ണൂരിൽ ഡ്രൈവർ ടെസ്റ്റിംഗ് യാർഡ് സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും അധികം ആവശ്യമായി വരുന്ന തുകയായ 25.34 ലക്ഷം രൂപ റീ അപ്രോപ്രിയേഷൻ മുഖേന കണ്ടെത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. പ്രസ്തുത സ്ഥാപനങ്ങളിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ദർഘാസ് നടപടികൾ നടന്നുവരുന്നു.

<u>ശുപാർശ നമ്പർ 93</u>

5056-00-104-98—<u>(പി)-പുഴകടത്തു പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ</u>

25 വർഷം കാലപ്പഴക്കം ഉള്ള ബോട്ടുകൾ കണ്ടം ചെയ്തതിനാൽ സംസ്ഥാന ജലഗതാഗത വകുപ്പ് 52 ബോട്ട് സർവ്വീസ് ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യേണ്ട സ്ഥാനത്ത് 47 ഷെഡ്യൂളുകൾ മാത്രമേ ഓപ്പറേറ്റ് ചെയ്യുന്നുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 2.5 കോടി രൂപ അപര്യാപ്തമാണെന്നതിനാൽ പുതിയ ബോട്ടുകൾ വാങ്ങുന്നതിന് 12 കോടി രൂപ ഉചിതമാർഗ്ഗേണ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

"2009-2010 സാമ്പത്തിക വർഷത്തിൽ '5056-00-104-98(പി)' എന്ന അക്കൗണ്ട് ശീർഷകത്തിൽ ജലഗതാഗത വകുപ്പിന് വകയിരുത്തിയ 250 ലക്ഷം രൂപ ചെലവഴിച്ച് അഞ്ച് 100 PC സ്റ്റീൽ ബോട്ടുകൾ പൊതുമേഖലാ സ്ഥാപനമായ മെ.സിൽക്ക് മുഖാന്തിരം നിർമ്മിച്ചു വാങ്ങുകയും, 100 യാത്രക്കാരെ വഹിക്കുവാൻ ശേഷിയുള്ള 5 സ്റ്റീൽ ബോട്ടുകൾക്ക് സ്റ്റേജ് പെയ്മെന്റ് നൽകുകയും ചെയ്തു. കൂടാതെ, കൂടുതൽ പുതിയ ബോട്ടുകൾ വാങ്ങുന്നതിനായി 2010-11 സാമ്പത്തികവർഷം 5 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്."

ശുപാർശ നമ്പർ 96

കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ജലഗതാഗത രംഗത്ത് വികസനവുമായി ബന്ധപ്പെട്ട് ആവിഷ്ക്കരിച്ച പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള 600 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. പദ്ധതികളുടെ പൂർത്തീകരണത്തിന് ഈ ശീർഷകത്തിലെ തുക 850 ലക്ഷം രൂപയായി ഉയർത്തേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശുപാർശയിൻമേൽ അനന്തര നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച അഭിപ്രായം ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിനോട് ആരാഞ്ഞപ്പോൾ 2010-2011 സാമ്പത്തിക വർഷത്തിൽ കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന് വകയിരുത്തിയ വിഹിതം ചെലവഴിക്കുന്നതിനുള്ള പദ്ധതി അംഗീകരിച്ച ശേഷം അധികം ആവശ്യപ്പെട്ടിട്ടുള്ള വിഹിതത്തിനുള്ള വിശദമായ പ്രൊപ്പോസലുകൾ സമർപ്പിക്കുവാനാണ് അഭിപ്രായപ്പെട്ടത്. എന്നാൽ 2010-2011 സാമ്പത്തിക വർഷത്തിൽ 5056-00-190-99-ഉൾനാടൻ ജലഗതാഗത കോർപ്പറേഷൻ നിക്ഷേപങ്ങൾ എന്ന ശീർഷകത്തിൽ വകയിരുത്തിയ 600 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി ചില ഭരണപരമായ കാരണങ്ങളാൽ 31-3-2011-ന് മുൻപ് നൽകുവാൻ കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ ആസൂത്രണ സാമ്പത്തികകാര്യവകുപ്പ് അഭിപ്രായപ്പെട്ട പ്രകാരം അധിക തുകയ്ക്കുള്ള നിർദ്ദേശം 31-3-2011-ന് മുൻപായി സമർപ്പിക്കുവാൻ കഴിഞ്ഞില്ല. അതുകൊണ്ട് സമിതിയുടെ ശുപാർശ നടപ്പിലാക്കുവാൻ സാധിച്ചില്ല.

**ഭാഗം-II**

S.R.O.യുടെ സാധൂകരണം

എസ്.ആർ.ഒ. നമ്പർ 1076/2010 പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

വി. കെ. ഇബ്രാഹിം കുഞ്ഞ്,

തിരുവനന്തപുരം,
12-6-2012.

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി V.*

അനുബന്ധം I

# കേരള സർക്കാർ

നമ്പർ 40500/എഫ്.എം.2/09/ത.സ്വ.ഭ.വ. തദ്ദേശസ്വയംഭരണ (എഫ്.എം.) വകുപ്പ്,

തിരുവനന്തപുരം,
23-9-2011.

പ്രേഷിതൻ

പ്രിൻസിപ്പൽ സെക്രട്ടറി.

സ്വീകർത്താവ്

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.

സർ,

വിഷയം :— സബ്ജക്റ്റ് കമ്മിറ്റി V (പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും) മൂന്നാമത് റിപ്പോർട്ട്—നിർദ്ദേശം നൽകുന്നത്-സംബന്ധിച്ച്.

സൂചന :— പി. ഡബ്ല്യു. ഡി. 16269/പി.എസ്.1/2003/പി.ഡബ്ല്യു.ഡി. തീയതി 4-7-2009 നമ്പർ അനൗദ്യോഗിക കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സബ്ജക്റ്റ് കമ്മിറ്റി V (പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും) 2003-04 ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 3-ാമത് റിപ്പോർട്ടിന്റെ ഖണ്ഡിക 6-ന്റെ പകർപ്പ് ഇതോടൊപ്പം അയയ്ക്കുന്നു. ടി ഖണ്ഡികയിലെ വിഷയനിർണ്ണയസമിതിയുടെ നിർദ്ദേശം കർശനമായി പാലിക്കണമെന്ന് നിർദ്ദേശം നൽകുന്നു.

വിശ്വസ്തതയോടെ,

എസ്. ജമുന,
*അഡീഷണൽ സെക്രട്ടറി,*
*പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി.*

അനുബന്ധം II

# കേരള സർക്കാർ

നമ്പർ 1807/എഫ്.എം./2011/ത.സ്വ.ഭ.വ. തദ്ദേശസ്വയംഭരണ (എഫ്.എം.) വകുപ്പ്,

തിരുവനന്തപുരം,
4-11-2011.

## സർക്കുലർ

വിഷയം :—തദ്ദേശസ്വയംഭരണ വകുപ്പ്-ത്രിതല പഞ്ചായത്തുകൾ--പൊതുമരാമത്ത് വകുപ്പ് വിട്ടുനൽകിയ റോഡുകൾ—അറ്റകുറ്റപ്പണികൾ—ധനവിനിയോഗം—സംബന്ധിച്ച്.

ത്രിതല പഞ്ചായത്തുകൾക്ക് പൊതുമരാമത്തുവകുപ്പ് വിട്ടുകൊടുത്ത റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിക്കുന്ന ധനസഹായം പ്രസ്തുത റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി മാത്രമേ വിനിയോഗിക്കാവൂ എന്നും മറ്റാവശ്യങ്ങൾക്കായി ഈ പണം വകമാറ്റി ചെലവാക്കാൻ പാടില്ലെന്നും സബ്ജക്ട് കമ്മിറ്റി V (2004-05) പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും ധനാഭ്യർത്ഥനകൾ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിൽ നിർദ്ദേശിക്കുകയുണ്ടായി.

സമിതി നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ത്രിതല പഞ്ചായത്തുകൾക്ക് പി.ഡബ്ല്യു.ഡി. വിട്ടുകൊടുത്ത റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിക്കുന്ന ധനസഹായം പ്രസ്തുത റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി മാത്രമേ വിനിയോഗിക്കാവൂ എന്നും മറ്റാവശ്യങ്ങൾക്കായി ഈ പണം വകമാറ്റിച്ചെലവാക്കാൻ പാടില്ലെന്നും നിർദ്ദേശിക്കുന്നു.

എസ്. ജമുന,

*അഡീഷണൽ സെക്രട്ടറി.*

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
} പകർപ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർക്കും)
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

## അനുബന്ധം III

### 27-7-2011-ലെ നടപടിക്കുറിപ്പ്

പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2011 ജൂലൈ മാസം 27-ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'IV A' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. മരാമത്ത് മന്ത്രിയുമായ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. ജോസ് തെറ്റയിൽ
3. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
4. ശ്രീമതി കെ. കെ. ലതിക
5. ശ്രീ. കെ. മുരളീധരൻ
6. ശ്രീ. കെ. രാജു

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എം. ജോൺ മാത്യു, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. ബാലമുരളീകൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. മനോജ് ജോഷി, സെക്രട്ടറി, മരാമത്ത് വകുപ്പ്
2. ശ്രീ. പി. കൃഷ്ണ കുമാർ, സ്പെഷ്യൽ സെക്രട്ടറി, മരാമത്ത് വകുപ്പ്
3. ശ്രീമതി ആനിയമ്മ ജോസഫ്, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ഡോ. എം. ബീന, മാനേജിംഗ് ഡയറക്ടർ, റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ
5. ശ്രീ. പി. എസ്. ജയന്തൻ, ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്
6. ശ്രീ. കെ. ജോസഫ് മാത്യു, ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ
7. ശ്രീ. ടി. ബാബുരാജ്, ചീഫ് എഞ്ചിനീയർ, റോഡ്സ് ആന്റ് ബ്രിഡ്ജസ്, പൊതുമരാമത്തുവകുപ്പ്.

സമിതി 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സബ്ജക്ട് കമ്മിറ്റി V-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥന നമ്പർ XV (പൊതുമരാമത്ത്)-ന്റെ കീഴിൽവരുന്ന കണക്കിനങ്ങളുടെ സൂക്ഷ്മ പരിശോധന പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭിച്ച കുറിപ്പുകളുടെ അടിസ്ഥാനത്തിൽ നടത്തുകയും ആവശ്യമായ ഘട്ടങ്ങളിൽ സമിതി

മുമ്പാകെ ഹാജരായ ഉദ്യോഗസ്ഥരിൽ നിന്നും അധികവിവരം ആരായുകയും താഴെപ്പറയുന്ന ശുപാർശകൾ നൽകുകയും ചെയ്തു.

2059-01-051—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം

ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തികവർഷത്തേക്ക് 1.825 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 2.575 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2059-01-053—ഓഫീസ് കെട്ടിടങ്ങൾ—സംരക്ഷണവും അറ്റകുറ്റപണികളും

വിവിധ വകുപ്പുകളുടെ കീഴിലുള്ള ഓഫീസ് കെട്ടിടങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 35.14 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 21.36 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2059-60-051—മറ്റ് കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും

നീതിന്യായ നിർവ്വഹണം, ഭൂനികുതി രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വിൽപ്പന നികുതി തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളുടെ മറ്റു കെട്ടിടങ്ങൾക്കുള്ള സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കും വി.ഐ.പി. വിസിറ്റിന് ആവശ്യം വരുന്ന തുകയും ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ 4.14 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഈ ശീർഷകത്തിൽ 4.94 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2059-60-053—മറ്റ് കെട്ടിടങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും

നീതിന്യായ നിർവ്വഹണം, ഭൂനികുതി, രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വിൽപ്പന നികുതി തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളുടെ മറ്റു കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ 76.25 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 52.972 കോടി രൂപയാണ് അനുവദിച്ചത്. ആയതിനാൽ ബാക്കി 23.278 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2059-80-001-99—ഭരണവും നടത്തിപ്പും

പ്രസ്തുത ശീർഷകത്തിൽ വാഹനം വാങ്ങുന്നതിനുവേണ്ടി യാതൊരു തുകയും വകയിരുത്തിയിരുന്നില്ല. ആയതിനാൽ 14 വാഹനങ്ങൾക്കുവേണ്ടി 85 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2059-80-001-98—മേൽനോട്ടം

പ്രസ്തുത ശീർഷകത്തിൽ 15 വർഷങ്ങൾ പഴക്കമുള്ള വാഹനങ്ങൾക്കുപകരം പുതിയവ വാങ്ങുന്നതിന് മതിയായ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2059-80-001-97—നിർവ്വഹണം

സൈറ്റ് ഇൻസ്പെക്ഷൻ, വർക്ക് സൂപ്പർവിഷൻ എന്നിവ ഫലപ്രദമാക്കുന്നതിന് 26 സബ്ഡിവിഷനുകൾക്ക് വാഹനം അനുവദിക്കുന്നതിനുവേണ്ടി ഈ ശീർഷകത്തിൽ 1.30 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2059-80-052—യന്ത്രോപകരണങ്ങൾ

പുതിയ സപ്ലൈകൾ, വാഹനങ്ങൾ, അറ്റകുറ്റപണികൾ എന്നിവ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ 42.50 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 10.01 ലക്ഷം രൂപയാണ് അനുവദിച്ചത്. പ്രസ്തുത തുക പര്യാപ്തമല്ലാത്തതിനാൽ ബാക്കി 32.49 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2059-80-053—സംരക്ഷണവും അറ്റകുറ്റപ്പണികളും

കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപണികളും വൈദ്യുത സാമഗ്രികളുടെ സംരക്ഷണവും രാജ്ഭവൻ സജ്ജീകരിക്കലും തിരുവനന്തപുരം നഗരത്തിലുള്ള സർക്കാർ കെട്ടിടങ്ങളുടെ സംരക്ഷണം, സെക്രട്ടേറിയറ്റിന്റെ സംരക്ഷണം എന്നിവ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ 29.25 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നതെങ്കിലും ഈ ഇനത്തിൽ ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന 20.27 കോടി രൂപയ്ക്ക് പുറമേ 8.98 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2059-80-800—മറ്റ് ചെലവുകൾ

'മറ്റ് ചെലവുകൾ' എന്ന ശീർഷകത്തിൽ 5 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും നടപ്പു സാമ്പത്തികവർഷത്തേക്ക് 1.02 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ന്യൂഡൽഹി കേരള ഹൗസിലെ പണികൾ ചെയ്തു തീർക്കാനുള്ളതിനാൽ 2 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-01-001-99—ഭരണവും നടത്തിപ്പും—ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ

ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ ഓഫീസിലെ ജീവനക്കാരുടെ വേതനം, യാത്രാചെലവുകൾ, ഓഫീസ് ചെലവുകൾ തുടങ്ങിയ എല്ലാ ചെലവുകളും ഈ ശീർഷകത്തിൽ നിന്നുമാണ് നിർവ്വഹിക്കുന്നത്. ഇതിൽ ഓഫീസ് ചെലവ്-പി.ഒ.എൽ. 45 എന്ന ഇനത്തിൽ 1,50,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-01-001-98—മേൽനോട്ടവും നിർവ്വഹണവും

ദേശീയപാതകളുടെ നീളത്തിലും എണ്ണത്തിലും വർദ്ധനവ് വന്നതിനാൽ വിവിധതരം പരിശോധനകൾക്കും അടിയന്തിര ആവശ്യങ്ങൾക്കുമായി ഡിവിഷണൽ എഞ്ചിനീയർമാർ കൂടുതൽ യാത്ര ചെയ്യേണ്ടതായി വരുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 36.4444 കോടി രൂപയ്ക്ക് പുറമേ വാഹനങ്ങളുടെ അറ്റകുറ്റപണികൾ, പി.ഒ.എൽ, മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് എന്നീ ഇനങ്ങളിൽ യഥാക്രമം 1.50 ലക്ഷം, 2.38 ലക്ഷം, 1.60 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-01-104-05—മറ്റു ചെലവ്—നാഷണൽ ഹൈവേ

നാഷണൽ ഹൈവേ അർബൻ ലിങ്കുകളുടെ സംരക്ഷണ പണികൾക്കായി റോഡുകൾ തെരഞ്ഞെടുക്കുന്നത് പ്രധാനമായും ട്രാഫിക് ഡെൻസിറ്റിയും റോഡുകളുടെ പ്രാധാന്യവും

കണക്കിലെടുത്താണെന്നും സ്റ്റേറ്റ് ഗവണ്മെന്റ് സ്ഥലമെടുത്തു കൊടുത്താൽ കൺസ്ട്രക്ഷൻ കമ്പനിയെക്കൊണ്ട് മെയിന്റനൻസ് നടത്താമെന്നും റീ-ഹാബിലിറ്റേഷൻ ആന്റ് റീ സെറ്റിൽമെന്റ് പാക്കേജ് ഗവണ്മെന്റ് അംഗീകരിച്ചാൽ മാത്രമേ പണികൾ തുടങ്ങാൻ സാധിക്കുകയുള്ളൂ എന്നും സമിതി വ്യക്തമാക്കി.

നാഷണൽ ഹൈവേ അർബൻ ലിങ്കുകളുടെ സംരക്ഷണത്തിനായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന .01 ലക്ഷം രൂപ അപര്യാപ്തമായതിനാൽ പ്രസ്തുത തുക 100 ലക്ഷം രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-01-800-99—മുൻസിപ്പൽ അതിർത്തികൾക്കുള്ളിൽ വരുന്ന നാഷണൽ ഹൈവേയുടെ സംരക്ഷണം

മുനിസിപ്പൽ അതിർത്തിക്കുള്ളിൽ വരുന്ന നാഷണൽ ഹൈവേകളുടെ സംരക്ഷണത്തിന് അനുവദിച്ചിരിക്കുന്ന 25 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആകയാൽ പ്രസ്തുത തുക 1 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-03-337-99—റോഡുകളും പാലങ്ങളും—സാധാരണ അറ്റകുറ്റപണികൾ

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ ഉപരിതലം പുതുക്കുന്നതിനാവശ്യമായ തുക വകയിരുത്തുന്ന ഈ ഹെഡിൽ (വോട്ടഡ്) ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക ആയ 90 കോടി രൂപ തീരെ അപര്യാപ്തമായതിനാൽ 336.56 കോടി രൂപ മൊത്തം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-03-337-98—ഗതാഗത സൗകര്യങ്ങളുടെ പുതുക്കലുകൾ

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ ഉപരിതലം പുതുക്കുന്നതിനാവശ്യമായ തുക വകയിരുത്തുന്ന ഈ ഹെഡിൽ (വോട്ടഡ്) ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുകയായ 90 കോടി അപര്യാപ്തമായതിനാൽ മൊത്തം 631.05 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-03-337-97—ഗതാഗത സൗകര്യങ്ങളുടെ പ്രത്യേക അറ്റകുറ്റപണികൾ

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ പ്രത്യേക അറ്റകുറ്റപണികൾക്കുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക 49 കോടി തീരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് മൊത്തം 193.52 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-03-337-96—വെള്ളപ്പൊക്ക കെടുതികളുടെ അറ്റകുറ്റപണികൾ

പൊതുമരാമത്ത് റോഡുകളിൽ വെള്ളപ്പൊക്ക കെടുതികളുമായി ബന്ധപ്പെട്ട അറ്റകുറ്റപണികൾ ചെയ്യുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 14.08 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഹെഡിൽ മൊത്തം 193.52 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-03-337-95—വിശിഷ്ടാതിഥികളുടെ സന്ദർശനവുമായി ബന്ധപ്പെട്ട പണികൾ

വിശിഷ്ടാതിഥികളുടെ സന്ദർശനം റിപ്പബ്ലിക്/സ്വാതന്ത്ര്യദിനാചരണം എന്നിവ സംബന്ധിച്ചുള്ള പണികൾക്കുവേണ്ടി ഈ സാമ്പത്തികവർഷം 5 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഈ തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

നാഷണൽ ഹൈവേയുടെ അറ്റകുറ്റപ്പണികൾ നടത്താൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ വിസമ്മതിക്കുന്നതിനാൽ സംസ്ഥാന ഗവണ്മെന്റിന്റെ ഫണ്ട് ഉപയോഗിച്ച് ആ വർക്ക് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടെന്ന് സമിതി അറിയിച്ചു. കൊച്ചി നഗരത്തിലെ റോഡുപണിക്കുവേണ്ടി അനുവദിച്ച മൂന്ന് കോടി രൂപ ദുർവിനിയോഗം ചെയ്ത കേസിൽ ഉത്തരവാദികളായവരുടെ പേരിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദവിവരങ്ങൾ, ശബരിമല വർക്കുമായി ബന്ധപ്പെട്ട റോഡുകളുടെ ലിസ്റ്റ് എന്നിവ ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

3054-03-337-94—നഗരത്തിനുള്ളിലെ റോഡുകളുടെ അറ്റകുറ്റപണികൾ

തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കൊല്ലം എന്നീ നഗരങ്ങളിലെ റോഡുകളിലെ അറ്റകുറ്റപണികൾക്കുവേണ്ടി തുക വകയിരുത്തിയിരിക്കുന്ന ഈ ശീർഷകത്തിൽ 2011-12 സാമ്പത്തികവർഷം 3 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഈ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-03-337-93—ശബരിമല വർക്കുകൾ

എല്ലാ വർഷവും ശബരിമല ഉത്സവകാലം ആരംഭിക്കുന്നതിനുമുമ്പ് റോഡുകളുടെ അറ്റകുറ്റപണികൾ ചെയ്തു തീർക്കേണ്ടതുണ്ട്. നടപ്പുസാമ്പത്തിക വർഷം ഈ ശീർഷകത്തിലേക്ക് വകയിരുത്തിയിരിക്കുന്ന 6 കോടി രൂപ തീരെ അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-05-102-99—സി.ആർ.എഫ്. പാലങ്ങൾ

നാഷണൽ ഹൈവേയുടെ കീഴിൽവരുന്ന ആഴൂർകടവ് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ഈ ശീർഷകത്തിൽ പുതിയ പാലങ്ങളുടെ നിർമ്മാണം ഉൾക്കൊള്ളിക്കേണ്ടതുണ്ട്. തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 1.50 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-05-337-99—സി.ആർ.എഫ്. റോഡുകൾ—സാധാരണവിഹിതം

നാഷണൽ ഹൈവേയുടെ കീഴിൽവരുന്ന റോഡുകൾ കടപ്ര-വീയപുരം എന്നീ റോഡുകൾ മറ്റു റോഡുകൾ എന്നിവയുടെ പണികൾക്കായി ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 100 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-05-800-99—സി.ആർ.എഫ്. റോഡുകളും പാലങ്ങളും

കരമന-പൂജപ്പുര-കാട്ടാക്കട-മണ്ഡപത്തിൻകടവ് റോഡ് പുനരുദ്ധാരണം അമരവിള-വെള്ളറട-പാറശ്ശാല മുതലായ റോഡുപണികൾക്കായി ഈ ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ 50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-80-001-99—റോഡുകളും പാലങ്ങളും (ഭരണവും നടത്തിപ്പും)

റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ ഓഫീസിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും നിർവ്വഹിക്കുകയും കൂടാതെ ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള ഓഫീസുകളിലേക്ക് അനുവദിക്കുന്നതിന് വേണ്ടിയുള്ള സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും ഉൾപ്പെടുകയും ചെയ്യുന്ന ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 7.1036 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് യാത്രാചെലവുകൾ, ഓഫീസ് ചെലവുകൾ, മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ്, വാഹന മെയിന്റനൻസ്, പി.ഒ.എൽ. എന്നീ ഇനങ്ങളിലായി മൊത്തം 28 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-80-001-98—മേൽനോട്ടം

റോഡുകളും പാലങ്ങളും ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ അലവൻസുകളും മറ്റ് ഓഫീസ് ചെലവുകൾക്കുമായി അനുവദിച്ചിട്ടുള്ള 5.2911 കോടി രൂപയ്ക്ക് പുറമേ യാത്രാചെലവ്, ഓഫീസ് ചെലവ്, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപണികളും, പി.ഒ.എൽ. എന്നീ ഇനങ്ങളിൽ 17 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-80-001-97—നിർവ്വഹണം

റോഡുകളും പാലങ്ങളും ചീഫ് എഞ്ചിനീയറുടേയും സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ കീഴിലുള്ള 16 ഡിവിഷണൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടേയും തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള 2 മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടേയും 6 ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടേയും ഓഫീസുകളിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 2011-12-ലേക്ക് വകയിരുത്തിയിരിക്കുന്ന 122.597 കോടി രൂപയ്ക്ക് പുറമേ ഓഫീസ് ചെലവുകൾ, മോട്ടോർ വാഹനങ്ങൾ, മറ്റു ചെലവുകൾ, മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് എന്നീ ഇനങ്ങളിൽ മൊത്തം 93 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്നും പുതിയ കാറുകൾ വാങ്ങുന്നതിന് 3 കോടി രൂപ അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

3054-80-004-99—കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക ചീഫ് എഞ്ചിനീയർ ഡ്രിക് (ഡിസൈൻ റിസർച്ച് ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ) ബോർഡിന്റെ കീഴിൽ ഹൈവേകളുടെ ഗവേഷണത്തിനും പരിഷ്ക്കരണത്തിനും വേണ്ടിയുള്ള കേരള

ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളം, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി ഉപയോഗിക്കുന്നു. പ്രസ്തുത ശീർഷകത്തിലേക്ക് കറന്റ് ചാർജ്ജിന് 50,000 രൂപയും ഓഫീസ് ചെലവുകൾക്ക് 2 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്നും മോട്ടോർ വാഹനങ്ങൾക്കായി വകയിരുത്തിയിരിക്കുന്ന തുക 1,50,000 ലക്ഷം രൂപയായും പ്ലാൻ ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക ആയ 15 ലക്ഷം രൂപ 30 ലക്ഷം രൂപയായും വർദ്ധിപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

3054-80-004-98—പബ്ലിക് വർക്സ് ഡിസൈൻ ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ ആന്റ് റിസർച്ച് ബോർഡ്

ചീഫ് എഞ്ചിനീയർ ഡ്രിക് ബോർഡിന്റെ ഓഫീസിൽ ജീവനക്കാരുടെ ശമ്പളവും അലവൻസുകൾക്കുമായി 3.6777 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. മോട്ടോർ വാഹനങ്ങൾക്ക് അനുവദിച്ചിരിക്കുന്ന 10,000 രൂപ 50,000 രൂപയായി ഉയർത്തണമെന്നും പി.ഒ.എൽ.-ന് 40,000 രൂപയും ഓഫീസ് ചെലവിന് 1 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-80-004-96—പുതിയ പദ്ധതികളുടെ പ്രായോഗികക്ഷമതാ പഠനം

പുതുതായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന വിവിധ വികസന പദ്ധതികളെക്കുറിച്ച് വിശദമായി പഠനം നടത്തുന്നതിന് ഈ സാമ്പത്തികവർഷം 1.50 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക തീരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിലേക്ക് 8.50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-80-004-94—വിവിധ തന്ത്രപ്രധാനമായ പഠനങ്ങൾ (ലോക ബാങ്ക് സഹായമുള്ള പദ്ധതി)

സംസ്ഥാന രാജപാതകളുടേയും പ്രധാന ജില്ലാ റോഡുകളുടേയും വികസനത്തിനായി അവയുടെ പണികൾ മുൻഗണനാടിസ്ഥാനത്തിൽ ഏറ്റെടുക്കുന്നതിനുവേണ്ടി ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിനുവേണ്ടിയുള്ള ഈ ശീർഷകത്തിൽ യാതൊരു തുകയും അനുവദിച്ചിട്ടില്ല. പ്രസ്തുത ശീർഷകത്തിലേക്ക് 25 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-80-052-98—റോഡുകളും പാലങ്ങളും—യന്ത്രോപകരണങ്ങൾ

റോഡുകളും പാലങ്ങളും വിഭാഗത്തിലെ റോഡ്റോളറുകൾ തുടങ്ങിയ യന്ത്രങ്ങളുടെ അറ്റകുറ്റപണികൾക്കുവേണ്ടി വകയിരുത്തിയിരിക്കുന്ന 25 ലക്ഷം രൂപ തീരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിലേക്ക് 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-80-107-97—റെയിൽവേ സുരക്ഷിതത്വ പണികൾ

കാവൽക്കാർ ഇല്ലാത്ത ലെവൽ ക്രോസിംഗുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തുന്നതിനുവേണ്ടിയുള്ള തുക ഈ ശീർഷകത്തിലാണ് ഉൾപ്പെടുന്നത്. റെയിൽവേക്ക് നൽകേണ്ട കുടിശ്ശിക 2.50 കോടി രൂപ ഉണ്ടെങ്കിലും ഈ വർഷം

തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 2.50 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-80-800-94(03)—ട്രാഫിക് സൈൻ ബോർഡുകൾ

വാഹന ഗതാഗതത്തിനായി സൈൻബോർഡുകൾ സ്ഥാപിക്കുന്നതിനും അവ സംരക്ഷിക്കുന്നതിനും 1.23 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 80 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-80-800-92—കേരള റോഡ് ഫണ്ട്

മുന്നാണ്ടത്തെ സംസ്ഥാന മോട്ടോർ നികുതി വരവിന്റെ 10%-ന് തുല്യമായ തുക ഓരോ വർഷവും കേരള റോഡ് ഫണ്ടിൽ സർക്കാർ സംഭാവന ഇനത്തിൽ നിക്ഷേപിക്കേണ്ടതാണ്. ഇത് കുറഞ്ഞത് 25% ആയി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്തു. നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 98.682 കോടി രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. 2010-11 വർഷം ടാക്സ് വരുമാനം കണക്കാക്കി 158.54 കോടി രൂപ അധികമായി നടപ്പുസാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-80-800-95—റോഡ് സുരക്ഷിതത്വ പണികൾ

റോഡ് സുരക്ഷിതത്വത്തിന്റെ ഭാഗമായി നടപ്പാതകൾ, ട്രാഫിക് ഐലന്റുകൾ, പാർശ്വ ചാനലുകൾ മുതലായവ നിർമ്മിക്കുന്നതിനുവേണ്ടി 4.12 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത തുക തീരെ അപര്യാപ്തമായതിനാൽ 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-99—പൊതുമരാമത്ത്

സംസ്ഥാന നിയമസഭയുടെ ചില്ലിംഗ് പ്ലാന്റ് സ്ഥാപിക്കൽ തുടങ്ങിയ പരിഷ്ക്കരണ ജോലികൾക്കായി 12 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത ശീർഷകത്തിലേക്ക് 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-99—പൊതുമരാമത്ത് മൂലധന ചെലവ്—സംസ്ഥാന നിയമസഭ

നിയമസഭാ സമുച്ചയത്തിലെ ചില്ലിംഗ് പ്ലാന്റ് മാറ്റിസ്ഥാപിക്കുന്നതിനായി ഭരണാനുമതി ലഭിച്ചിട്ടുള്ള 3.25 കോടി രൂപയുടെ പണികൾ ചെയ്യുന്നതിനും നിയമസഭാ ഹാളിനകത്തുള്ള ഇലക്ട്രോണിക് സിസ്റ്റം മാറ്റിസ്ഥാപിക്കുന്നതിനും ആയി ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷം 4 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-98—പൊതുമരാമത്ത് മൂലധന ചെലവ്—നീതിന്യായ നിർവ്വഹണം

കോടതി കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി പുതുതായി തുടങ്ങിയ ഈ ശീർഷകത്തിൽ 5.25 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പൂർത്തിയായ കൊട്ടാരക്കര, ശാസ്താംകോട്ട കോംപ്ലക്സുകളുടെ കൊടുത്തു തീർക്കാൻ ബാക്കിയുള്ള പേമെന്റ്,

പണി പുരോഗമിക്കുന്ന എറണാകുളം കോർട്ട് കോംപ്ലക്സ്, ആലപ്പുഴ കോടതിയുടെ 'എ' ബ്ലോക്ക് എന്നിവയുടെ ചെലവ്, വിവിധ കോടതി കെട്ടിടങ്ങളുടെ നിർമ്മാണം ഏറ്റെടുക്കൽ എന്നിവയുള്ളതിനാലും കേന്ദ്ര സഹായമായി ഒരു നിശ്ചിത തുക മാത്രമാണ് ലഭിക്കുന്നത് എന്നുള്ളതിനാലും പ്രസ്തുത ശീർഷകത്തിലേക്ക് 2 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-97—പൊതുമരാമത്ത് മൂലധനചെലവ്—ഇലക്ഷൻ

ഇലക്ഷൻ കമ്മീഷന്റെ ആസ്ഥാന മന്ദിരനിർമ്മാണത്തിനായുള്ള ഈ ശീർഷകത്തിൽ 1 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത മന്ദിരം നിർമ്മിക്കുന്നതിന് സ്ഥലം അലോട്ട് ചെയ്ത് നിർദ്ദിഷ്ട ജോലിക്ക് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് അധികം തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-96—പൊതുമരാമത്ത് മൂലധനചെലവ്—ഭൂനികുതി

ഭൂനികുതി വകുപ്പിലെ പണികൾക്കായി 2011-12 വർഷത്തേക്ക് 65 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നടപ്പുവർഷം 25 വില്ലേജാഫീസുകളുടെ കെട്ടിട നിർമ്മാണത്തിനും നവീകരണത്തിനുമായി ആകെ 1.95 കോടി രൂപ മതിപ്പുചെലവ് വരുന്ന പണികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ പല ഓഫീസുകളുടേയും പണികൾ ഇനിയും ബാക്കിയുണ്ട്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 1 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-95—പൊതുമരാമത്ത് മൂലധന ചെലവ്—മുദ്രപത്രങ്ങളും രജിസ്ട്രേഷനും

രജിസ്ട്രേഷൻ വകുപ്പിലെ മരാമത്ത് പണികൾക്കായി 2011-12 വർഷത്തേക്ക് 97.50 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 23 രജിസ്ട്രാർ ഓഫീസുകളുടെ കെട്ടിടത്തിന് 9.0969 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചതിനാലും പല പണികളും പുരോഗതിയിലായതിനാലും 3 കോടി രൂപ കൂടി ഈ ശീർഷകത്തിലേക്ക് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-94—പൊതുമരാമത്ത് മൂലധന ചെലവ്—സ്റ്റേറ്റ് എക്സൈസ്

എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ വിവിധ പണികൾക്കായി 2011-12 സാമ്പത്തിക വർഷത്തിൽ 90 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. പല മേജർ പണികളും പൂർത്തിയാക്കാനുള്ളതിനാൽ 3 കോടി രൂപ കൂടി ഈ ശീർഷകത്തിലേക്ക് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-93—പൊതുമരാമത്ത് മൂലധന ചെലവ്—വിൽപ്പന നികുതി

വാണിജ്യ നികുതി വകുപ്പിന്റെ പണികൾക്കായി നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 86.60 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിലേക്ക് 2.50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-92—പൊതുമരാമത്ത് മൂലധനചെലവ്—പബ്ലിക് സർവ്വീസ് കമ്മീഷൻ

പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിവിധ പണികൾക്കായി 2011-12 വർഷത്തേക്ക് അനുവദിച്ചിട്ടുള്ള 20 ലക്ഷം രൂപ പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ഗോൾഡൻ ജൂബിലി കെട്ടിടത്തിന്റെ പണി പുരോഗമിക്കുന്നതിനാലും ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാലും പ്രസ്തുത ശീർഷകത്തിലേക്ക് 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-91—പൊതുമരാമത്ത് മുലധനചെലവ്—സെക്രട്ടേറിയറ്റ് ജനറൽ സർവ്വീസ്

നടപ്പുസാമ്പത്തിക വർഷത്തേക്ക് 1 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 48 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. പുതിയ അനക്സ് കെട്ടിടത്തിന്റെ ജോലികൾ ആരംഭിക്കേണ്ടതുകൊണ്ട് പ്രസ്തുത ശീർഷകത്തിലേക്ക് 1 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-90—പൊതുമരാമത്ത് മൂലധനചെലവ്—ട്രഷറിയും അക്കൗണ്ട് ഭരണവും

സംസ്ഥാനത്തെ ട്രഷറികളുടെ നിർമ്മാണത്തിനായി നടപ്പു സാമ്പത്തികവർഷം 2 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നതെങ്കിലും 9.50 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ ഈ ശീർഷകത്തിലേക്ക് 75 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-89—പൊതുമരാമത്ത് മൂലധനചെലവ് (പോലീസ്)

പോലീസ് വകുപ്പിലെ വിവിധ ഓഫീസുകളുടെ പണികൾക്കായി 3.20 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ തുക വളരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിലേക്ക് 2 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-059-88—പൊതുമരാമത്ത് മൂലധനചെലവ് (ജയിലുകൾ)

ജയിൽ ഡി.ജി.പി., ഐ.ജി., ഡി.ഐ.ജി. ഓഫീസുകളുടെ നിർമ്മാണം കൂടി ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 9 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത ശീർഷകത്തിലേക്ക് 25 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-059-87—പൊതുമരാമത്ത് മൂലധനചെലവ്—(പ്രിന്റിംഗ്)

സ്റ്റേഷനറി, അച്ചടി വകുപ്പിന്റെ പണികൾക്കായി വകയിരുത്തിയിട്ടുള്ള 2.50 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ ഈ ശീർഷകത്തിലേക്ക് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-86—പൊതുമരാമത്ത് മൂലധനചെലവ്—സിവിൽ പണികൾ

പൊതുമരാമത്ത് സിവിൽ ജോലികൾക്കായി നടപ്പു സാമ്പത്തികവർഷം 8.4866 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. അടങ്കലിലുള്ള സിവിൽ സ്റ്റേഷൻ, മിനി സിവിൽ സ്റ്റേഷൻ തുടങ്ങിയ മേജർ പണികൾക്കും 160.60 കോടി രൂപയുടെ ഭരണാനുമതി

ലഭിച്ചിട്ടുള്ള 55 പണികൾക്കും പുരോഗതിയിലിരിക്കുന്ന മറ്റ് പല പണികൾക്കും ആയി ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമാവുകയില്ല. ആയതിനാൽ ഈ ശീർഷ കത്തിലേക്ക് 20 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-84—പൊതുമരാമത്ത് മൂലധനചെലവ്-പൊതുജനാരോഗ്യം

പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട നിർമ്മാണത്തിനുവേണ്ടി ആരംഭിച്ചിട്ടുള്ള ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല. ഡയറക്ടറേറ്റ്, ജില്ലാ മെഡിക്കൽ ഓഫീസുകൾ എന്നിവയുടെ പണികൾക്കായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-82—പൊതുമരാമത്ത് മൂലധനചെലവ്—സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്

നടപ്പുസാമ്പത്തിക വർഷത്തേക്ക് അനുവദിച്ചിരിക്കുന്ന തുകയായ 45 ലക്ഷം രൂപ പരിമിതമായതിനാൽ ഈ ശീർഷകത്തിലേക്ക് 1 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-71—പൊതുമരാമത്ത് മൂലധന ചെലവ്—മരാമത്ത് പണികൾ

മാന്ദ്യവിരുദ്ധ പാക്കേജിലെ പണികൾക്കായി 175 കോടി രൂപയാണ് നടപ്പു സാമ്പത്തികവർഷം ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മാന്ദ്യവിരുദ്ധ പാക്കേജിലെ പണികൾ പുരോഗമിക്കുന്നതിനാലും എല്ലാ വകുപ്പുകളുടേയും കെട്ടിട നിർമ്മാണങ്ങൾ ഉൾപ്പെടുന്നതിനാലും ഈ ശീർഷകത്തിലേക്ക് 25 കോടി രൂപ അധിക മായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-60-051-98—പൊതുമരാമത്ത് മൂലധന ചെലവ്—നീതിന്യായം

കോടതി കെട്ടിടങ്ങളുടെ നിർമ്മാണത്തിന് നടപ്പുസാമ്പത്തിക വർഷം 8.2372 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കേന്ദ്രസഹായമുള്ള ഈ ശീർഷകത്തിൽ പ്രസ്തുത തുക ലഭിക്കുന്നതുവരെ സംസ്ഥാന ബഡ്ജറ്റിൽ നിന്നുമാണ് തുക അനുവദിക്കുന്നത്. വിവിധ കോടതി കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ഈ ശീർഷക ത്തിലേക്ക് 10 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-60-051-86—പൊതുമരാമത്ത് മൂലധന ചെലവ്—പൊതുമരാമത്ത് പണികൾ

സംസ്ഥാനത്തെ വിവിധ റസ്റ്റ് ഹൗസുകളുടേയും മറ്റു കെട്ടിടങ്ങളുടേയും പണി കൾക്ക് നടപ്പു സാമ്പത്തികവർഷം തുകയൊന്നും വകകൊള്ളിച്ചിട്ടില്ല. ഈ ശീർഷക ത്തിലേക്ക് 4 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-60-051-85—പൊതുമരാമത്ത് മൂലധന ചെലവ്-അഗ്നിപ്രതിരോധവും നിയന്ത്രണവും

വിവിധ ഫയർ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി ഈ സാമ്പത്തികവർഷം 2.868 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നടപ്പു പണികൾക്കും പുതിയ ജോലി കൾക്കുമായി 2 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-60-051-84

പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകുന്ന പ്രവൃത്തികൾക്ക് 2011-12-ൽ തുകയൊന്നും അനുവദിച്ചിട്ടില്ല. ഈ ഹെഡിൽ 2.50 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-60-051-77—പൊതുമരാമത്ത് മൂലധന ചെലവ്—നിയമസഭാ സാമാജികർക്കുവേണ്ടി ഫ്ളാറ്റ് നിർമ്മാണം

നടപ്പു സാമ്പത്തികവർഷം ഈ ശീർഷകത്തിലേക്ക് 82.37 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. പുതിയ പണികൾക്കും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിലേക്ക് 2.50 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-80-051-79—പൊതുമരാമത്ത് മൂലധന ചെലവ്—ജൻഡർ ബഡ്ജറ്റിംഗ്

2011-12 സാമ്പത്തികവർഷം ഈ ശീർഷകത്തിൽ 1.2356 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഭരണാനുമതി കൊടുത്ത പണികൾ തീർക്കുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 75 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-80-051-78—പൊതുമരാമത്ത് മൂലധന ചെലവ്—സൈനിക സ്കൂൾ

സൈനിക സ്കൂളിനായി ആരംഭിച്ചിട്ടുള്ള ഈ ശീർഷകത്തിൽ 1.25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഭരണാനുമതി ലഭിച്ച പണികൾ ആരംഭിക്കുന്നതിന് 50 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-01-052—റോഡുപണികളുടെ വേഗതയും നിലവാരവും മെച്ചപ്പെടുത്തുന്നതിന് യന്ത്രോപകരണങ്ങൾ

ഈ ശീർഷകത്തിൽ യാതൊരു തുകയും വകയിരുത്തിയിട്ടില്ല. റോഡ് പണികളുടെ വേഗതയും നിലവാരവും മെച്ചപ്പെടുത്തുന്നതിന് യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിലേക്ക് 50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-01-337-98—നാഷണൽ ഹൈവേകൾ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന ഭാഗത്തിന്റെ വികസനം

ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 12.36 ലക്ഷം രൂപ തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. പുതിയ പണികൾക്കും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി 30 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-01-800-99—ദേശീയപാതയിലേക്ക് ബന്ധിപ്പിക്കുന്ന ഭാഗത്തെ ട്രാഫിക് സുരക്ഷിതത്വ നടപടികൾ

വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കണക്കിലെടുത്ത് ഈ ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന 16.48 ലക്ഷം രൂപയ്ക്ക് പുറമെ 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-03-101-99—റോഡുകളും പാലങ്ങളും

സംസ്ഥാന രാജപാതകളിൽ വരുന്ന പാലങ്ങളുടേയും കലുങ്കുകളുടേയും നിർമ്മാണം, പരിഷ്ക്കരണം തുടങ്ങിയ പണികൾക്കായി ഈ സാമ്പത്തികവർഷം അനുവദിച്ചിരിക്കുന്ന 4.4103 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിലേക്ക് 100 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-03-337-98—റോഡുകളും പാലങ്ങളും—വികസനവും പരിഷ്ക്കരണവും

സംസ്ഥാന രാജപാതകളുടെ നിർമ്മാണം, വികസനം, പരിഷ്ക്കരണം മുതലായ പണികൾക്കായി 4.1186 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നിലവിലുള്ള സംസ്ഥാന രാജപാതയിലെ സ്ഥിതി കണക്കാക്കി പുതിയ പണികൾ തുടങ്ങുന്നതിന് ഈ ശീർഷകത്തിലേക്ക് 200 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-03-337-95—ഹൈവേകളുടെ റോളിംഗ് ഹെവി മെയിന്റനൻസ്

സംസ്ഥാന രാജപാതകളുടെ ഉപരിതല പുനരുദ്ധാരണത്തിനായി ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്ന 6.8864 കോടി രൂപയ്ക്ക് പുറമേ 35 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-04-101-99—റോഡുകളും പാലങ്ങളും

പ്രധാന ജില്ലാതല റോഡുകളിൽ വരുന്ന പാലങ്ങളുടേയും കലുങ്കുകളുടേയും നിർമ്മാണം, പരിഷ്ക്കരണം എന്നിവയ്ക്കായി 9.8847 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പുതിയ പണികൾക്ക് ഭരണാനുമതി നൽകാൻ 300 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-04-101-86—റോഡുകളും പാലങ്ങളും-മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിൻകീഴിലുള്ള പദ്ധതികൾ

പാലങ്ങളുടെ വികസനത്തിനായി ഈ ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന 75.6384 കോടി രൂപ അപര്യാപ്തമാണ്. പ്രസ്തുത ശീർഷകത്തിലേക്ക് 280 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-04-337-98—റോഡുകളും പാലങ്ങളും—വികസനവും പരിഷ്കരണവും

പ്രധാന ജില്ലാതല റോഡുകളുടെ നിർമ്മാണം, വികസനം, പരിഷ്ക്കരണം എന്നിവയ്ക്കുള്ള തുക ഉൾക്കൊള്ളുന്ന ഈ ശീർഷകത്തിൽ 49.4234 കോടി രൂപയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. പ്രസ്തുത തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. പുതിയ ഭരണാനുമതി നൽകുന്നതിനായി 800 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-04-337-92—മലയോര ഹൈവേ

മലയോര ഹൈവേക്കായി ഈ സാമ്പത്തികവർഷം യാതൊരു തുകയും വകയിരുത്തിയിട്ടില്ല. ആയതിനാൽ 2011-12 സാമ്പത്തികവർഷം ഈ ശീർഷകത്തിൽ 100 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. നബാർഡിന്റെ സെക്റ്ററൽ അലോക്കേഷനിൽ പൊതുമരാമത്ത് വകുപ്പിന്റെ മെച്ചപ്പെട്ട ഫണ്ട് വിനിയോഗം കണക്കിലെടുത്ത് കൂടുതൽ തുക ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നു സമിതി ശുപാർശ ചെയ്തു.

5054-04-337-91—റോഡുകളും പാലങ്ങളും-തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ റോഡ് പരിഷ്ക്കരണം

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ പ്രധാന നഗരങ്ങളിലെ റോഡു നിർമ്മാണം, പരിഷ്ക്കരണം എന്നീ ജോലികൾക്കായി 1.5322 കോടി രൂപയാണ് ഈ വർഷം അനുവദിച്ചിട്ടുള്ളത്. പുതിയ ഭരണാനുമതി നൽകുന്നതിനായി ഈ ശീർഷകത്തിലേക്ക് 100 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-04-337-89—റോഡുകളും പാലങ്ങളും-ശബരിമല റോഡ് പ്രോജക്ട്

ശബരിമലയുടെ സമഗ്രവികസനത്തിനുവേണ്ടിയുള്ള റോഡ് പണികൾക്കുവേണ്ടി ഈ ശീർഷകത്തിൽ 9.8847 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. പ്രസ്തുത തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ മതിയായ തുക അനുവദിക്കണമെന്ന് ശുപാർശ ചെയ്തു.

5054-04-337-83—റോഡുകളും പാലങ്ങളും-മാന്ദ്യവിരുദ്ധ ഉത്തേജകപാക്കേജിൻ കീഴിലുള്ള പദ്ധതികൾ

പൊതുമരാമത്തിനുകീഴിലുള്ള റോഡുകളുടെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 118.1023 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നതിനാൽ ഇപ്പോൾ നടക്കുന്ന പണികൾക്കായി 750 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-04-337-82—റോഡുകളും പാലങ്ങളും, മാന്ദ്യവിരുദ്ധ ഉത്തേജകപാക്കേജിൻ കീഴിലുള്ള പദ്ധതികൾ-ജില്ലാ ഗ്രാമീണറോഡുകളുടെ ഒറ്റത്തവണയുള്ള അറ്റകുറ്റപ്പണികൾ

ജില്ലാ ഗ്രാമീണറോഡുകളുടെ ഒറ്റത്തവണയുള്ള അറ്റകുറ്റപ്പണികൾക്കായി 1.8528 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇപ്പോൾ നടക്കുന്ന പണികളുടെ ചെലവിലേക്കായി 200 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-05-337-99—പ്രധാന സംസ്ഥാനന്തരറോഡുകൾ

ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 82 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രധാന സംസ്ഥാനന്തര റോഡുകളുമായി ബന്ധപ്പെട്ടുവരുന്ന ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-05-337-97—സി.ആർ.എഫ്. റോഡുകൾ (സാധാരണ വിഹിതം)

ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 36.99 കോടി രൂപ അപര്യാപ്തമായതിനാൽ 60 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-05-800-99—സി.ആർ.എഫ്. റോഡുകളും പാലങ്ങളും (സാധാരണ വിഹിതം)

ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത് ഒരുലക്ഷം രൂപയാണ്. ഈ തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-80-004-99—ഡ്രിക് ബോർഡിലെ കമ്പ്യൂട്ടർവൽക്കരണവും ശക്തിപ്പെടുത്തലും ആധുനികവൽക്കരണവും

പൊതുമരാമത്ത് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം നടത്തുന്നതിനായി ഈ ശീർഷകത്തിൽ 20 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-80-800-82—പൊതുമരാമത്ത് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം ശക്തിപ്പെടുത്തൽ

പൊതുമരാമത്ത് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം ശക്തിപ്പെടുത്തുന്നതിനുവേണ്ടി വകയിരുത്തിയിരിക്കുന്ന 80 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നതിനാൽ ഈ ശീർഷകത്തിലേക്ക് 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-80-800-81—റെയിൽവെ സുരക്ഷിതത്വ പണികൾ

റെയിൽവെ മേൽപ്പാലങ്ങളുടെ നിർമ്മാണം, പരിഷ്ക്കരണം തുടങ്ങിയ പണികൾക്കായി 82.38 ലക്ഷം രൂപയാണ് ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ളത്. പ്രസ്തുത തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിലേക്ക് 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-80-800-71—കൊച്ചിൻ സീപോർട്ട്-എയർപോർട്ട് റോഡിന്റെ നിർമ്മാണം

കൊച്ചി സീപോർട്ട് എയർപോർട്ട് റോഡിന്റെ നിർമ്മാണത്തിനായി 2011-12 സാമ്പത്തിക വർഷം 50 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-80-800-70—റോഡുകളും പാലങ്ങളും മുൻഗണനാപ്രവൃത്തികൾ

2011-12 വർഷം മുൻഗണന നൽകി പുതിയതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പണികൾക്ക് 125 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. 500 കോടി രൂപയുടെയെങ്കിലും ഭരണാനുമതി നൽകാൻ ഉദ്ദേശിക്കുന്നതിനാൽ ഈ ശീർഷകത്തിലേക്ക് 375 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-80-800-69—റോഡുകളും പാലങ്ങളും-റോഡ്പുനരുദ്ധാരണ പദ്ധതി

അടുത്ത അഞ്ചുവർഷം കേരളത്തിലെ പ്രധാനപ്പെട്ട 1000 കി.മീ. റോഡുകളുടെ നിലവാരം ഉയർത്താൻവേണ്ടിയുള്ള പുതിയ ശീർഷകത്തിൽ 200 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 500 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

പൊതു ശുപാർശ

സംസ്ഥാനത്തെ വിവിധ റോഡ് സുരക്ഷാപദ്ധതികളുടെ ഭാഗമായുള്ള റോഡ് നവീകരണത്തിന് റോഡ് സുരക്ഷാഫണ്ടിൽ നിന്നും പരമാവധി തുക കണ്ടെത്താൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-03 എന്ന ശീർഷകത്തിലെ 'സംസ്ഥാന രാജപാതകൾ' എന്ന വാക്കിനുപകരം ഭാവിയിൽ 'സംസ്ഥാന പാതകൾ' എന്ന് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

വർക്കുകളുടെ മെറ്റീരിയൽ കോസ്റ്റ് വർദ്ധിക്കുന്നതനുസരിച്ച് എസ്റ്റിമേറ്റും പ്രായോഗികമാക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഏറ്റെടുത്തിട്ട് റിപ്പയർ ചെയ്യാത്ത റോഡുകളുടെ കാര്യത്തിൽ ബഡ്ജറ്റിലോ പ്ലാൻ ഫണ്ടിലോ തുക ആവശ്യമുണ്ടെങ്കിൽ അതിന്റെ നടപടിക്രമം പൂർത്തിയാക്കി ജോലികൾ ചെയ്യാനുള്ള തീരുമാനമായിട്ടുണ്ടെന്നും അതിനുമുമ്പ് റിപ്പയർ ജോലികൾ ചെയ്യാനുള്ള തീരുമാനമെടുക്കണമെന്നും സമിതി ഉറപ്പുനൽകി.

പൊതുമരാമത്ത് വകുപ്പിന്റെ ആന്വൽ പെർഫോർമൻസ് റിപ്പോർട്ട് ഒരു മാപ്പപേക്ഷയോടുകൂടി അസംബ്ലിയിൽ ലേ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു. സമിതിയുടെ അടുത്ത യോഗം 2011 ആഗസ്റ്റ് 21, 22 എന്നീ തീയതികളിൽ തിരുവനന്തപുരത്ത് ചേരാൻ തീരുമാനിച്ചു.

സമിതി ഉച്ചയ്ക്കുശേഷം 12.30-ന് യോഗം പിരിഞ്ഞു.

## 2-8-2011–ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V 2011 ആഗസ്റ്റ് മാസം രണ്ടാം തീയതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'IV A' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും മരാമത്ത് മന്ത്രിയുമായ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗങ്ങളായ ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാറും എക്സൈസും തുറമുഖവും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു :

1. ശ്രീ. ജോസ് തെറ്റയിൽ
2. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
3. ശ്രീമതി കെ. കെ. ലതിക
4. ശ്രീ. കെ. മുരളീധരൻ
5. ശ്രീ. കെ. രാജു

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എം. ജോൺ മാത്യു, ജോയിന്റ് സെക്രട്ടറി
2. ശ്രീ ബാലമുരളീകൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ടോം ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പ്
2. ശ്രീ. വി. ജെ കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
3. ശ്രീ. മനോജ് ജോഷി, സെക്രട്ടറി, തുറമുഖ വകുപ്പ്
4. ഡോ. കെ. ഇളങ്കോവൻ, സെക്രട്ടറി, ഗതാഗത വകുപ്പ്
5. ശ്രീ. ടി. പി. സെൻകുമാർ, ട്രാൻസ്പോർട്ട് കമ്മീഷണർ
6. ശ്രീ. ഇ. കെ. പ്രകാശ്, സെഷ്യൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

സമിതി 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥന IX – വാഹന നികുതികൾ നമ്പർ XL -തുറമുഖം XLI – ഗതാഗതം എന്നിവയുടെ സൂക്ഷ്മ പരിശോധന പ്രസ്തുത വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകളുടെ അടിസ്ഥാനത്തിൽ നടത്തുകയും ആവശ്യമായ ഘട്ടങ്ങളിൽ സമിതി മുമ്പാകെ ഹാജരായ ഉദ്യോഗസ്ഥരിൽ നിന്നും അധികവിവരങ്ങൾ ആരായുകയും ശുപാർശകൾക്ക് രൂപം നൽകുകയും ചെയ്തു.

2041-00-001-99-04—വാഹന നികുതികൾ

ഭരണ ചെലുകൾ-യാത്രാ ചെലവുകൾ

മോട്ടോർ വാഹന വകുപ്പിലെ ജീവനക്കാരുടെ യാത്രാ ചെലവുകൾക്കായി 8.78 ലക്ഷം രൂപയാണ് നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വകുപ്പിന്റെ കമ്പ്യൂട്ടറൈസേഷൻ, നവീകരണ പ്രവർത്തനങ്ങൾ എന്നിവയുടെ ഭാഗമായി ഉദ്യോഗസ്ഥർക്ക് അന്യസംസ്ഥാനങ്ങളിൽ പരിശീലനം ലഭ്യമാക്കുന്നതിനും മേഖല ഓഫീസുകളിലേയും ആസ്ഥാന ഓഫീസുകളിലേയും പരിശോധന വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തിനും കൂടാതെ വകുപ്പിലെ യാത്രാചെലവുകൾക്കും ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ മൊത്തം 11 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2041-00-001-99-05—ഓഫീസ് ചെലവുകൾ

4 മറ്റിനങ്ങൾ

